തൃതീയഃ പടലഃ

അനന്തരം മൂന്നാമത്തെ പടലംകൊണ്ടു മുളയിടുക തുടങ്ങിയുള്ള ക്രിയകളേ പറയുന്നു.

കുര്യാത് പ്രാഗധിവാസ കർമ്മദിവസാ-
ന്മിത്രാങ്കസംഖ്യേ ദിനേ
ശൈലേഷു പ്രമിതേ/പി വാ/ഥിഗതയാ-
മായാം ശുഭായാം നിശി
പ്രത്യഗ്ദ്വാരി സുരാലയോദഗുപക്ലു-
പ്തേ സംവൃതേ മണ്ഡപേ
മന്ത്രീ തന്തുകുശസ്രഗാദികൃതസം-
സ്കാരേ/ങ്കുരാരോപണം. 1

അധിവാസകർമ്മദിവസാത് പ്രാക് = പ്രതിഷ്ഠയുടെ തലേദിവസം ധ്യാനാധിവാസം, ആ ധ്യാനാധിവാസദിവസത്തുങ്കൽനിന്നു മുമ്പിൽ, മിത്രാങ്കസംഖ്യേ ദിനേ അപി വാ ശൈലേഷുപ്രമിതേ = പന്ത്രണ്ടു ദിവസം താൻ ഒമ്പതുതാൻ ഏഴുദിവസംതാൻ അഞ്ചുദിവസംതാനടുത്ത്, ഗതയാമായാം ശുഭായാം നിശി = ഏഴര നാഴിക രാത്രി കഴിച്ചാൽ നല്ലൊരു രാശിയേ അറിഞ്ഞു രാത്രിയിങ്കൽ, സുരാലയോദഗുപക്ലുപ്തേ = പ്രാസാദത്തിൽ വടക്കുഭാഗത്ത്, പ്രത്യഗ്ദ്വാരി സംവൃതേ മണ്ഡപേ = പടിഞ്ഞാറോട്ടു വാതിലോടുംകൂടി ചുറ്റും മറച്ചുകെട്ടി ഇരിക്കുന്ന മണ്ഡപത്തുങ്കൽ, തന്തുകുശസ്രഗാദികൃതസംസ്കാരേ = പ്രാസാദശുദ്ധിയിങ്കൽ പറയുന്നപോലെ നൂലും ദർഭമാലയും ചുറ്റി മഷ്ട്യാദിധൂപദീപാന്തമായ സ്ഥലശുദ്ധികളേയും ചെയ്തിരിക്കുന്ന സ്ഥലത്ത് മുളയിടുന്നതിന്റെ ക്രിയകളേച്ചെയ്വൂ.

ക്ഷേത്രേ വാരിധിവർഗ്ഗകോഷ്ഠസുവിചി-
ത്രേ ശാലിദർഭാഗ്രകൈഃ
പീഠാനി പ്രവിധായ തേഷു വിനിദ-
ദ്ധ്യാത് പാലികാഃ ഷോഡശ
അസ്ത്രാപ്ക്ഷാളിതവർമ്മസൂത്രകലിതാ

Shripuram Publications
www.shripuram.org

ദൂർവ്വാദിദീപ്താ ലസത്-
കൂർച്ചാ മൃത്സികതാകരീഷരജസാ
പൂർണ്ണാ ഹുതാശാദിതഃ. 2

വാരിധിവർഗ്ഗകോഷ്ഠസുവിചിത്രേ ക്ഷേത്രേ = പതിനാറു പദങ്ങളിൽ സ്വസ്തികങ്ങളേക്കൊണ്ടു ശോഭിച്ചിരിക്കുന്ന ചതുരശ്രക്ഷേത്രത്തിങ്കൽ, ശാലിദർഭാഗ്രകൈഃ പീഠാനി പ്രവിധായ = നെല്ലമിട്ടു കുറുമ്പുല്ലുകളും വച്ച് പീഠങ്ങളെ ഉണ്ടാക്കിയാൽ, തേഷു ഹുതാശാദിതഃ = ആ പീഠങ്ങളിൽ അഗ്നികോണിൽ തുടങ്ങി, അസ്ത്രാപ്ക്ഷാളിതവർമ്മസൂത്രകലിതാഃ = അസ്ത്രംകൊണ്ടും വെള്ളംകൊണ്ടും കഴുകി കവചമന്ത്രംകൊണ്ടു മുന്നുലും ചുറ്റി, ദൂർവാദിദീപ്താഃ = കറുകയും ആലും മാവും ഉഴിഞ്ഞയും ചുറ്റിക്കെട്ടി, ലസത്കൂർച്ചാഃ = നടുവിൽ കൂർച്ചങ്ങളും നാട്ടി, മൃത്സികതാകരീഷരജസാ പൂർണ്ണാഃ = മണ്ണുകൊണ്ടും മണലുകൊണ്ടും ചാണകപ്പൊടികൾക്കൊണ്ടും നിറച്ചിരിക്കുന്ന, ഷോഡശ പാലികാഃ വിനിദധ്യാത് = പതിനാറു പാലികകളേ തെക്കേവരിയിൽ പടിഞ്ഞാറോളവും, രണ്ടാംവരിയിൽ പടിഞ്ഞാറു തുടങ്ങി കിഴക്കോട്ടും, മൂന്നാംവരിയിൽ കിഴക്കുതുടങ്ങി പടിഞ്ഞാറോട്ടും, വടക്കേ അറ്റത്തേ നാലാംവരിയിൽ പടിഞ്ഞാറുതുടങ്ങി കിഴക്കോട്ടും ഈശകോണിൽ കഴിയുമാറു വയ്ക്കൂ.

അസ്ത്രസ്വമന്ത്രജലദുഗ്ദ്ധസമാപ്ലുതാനി
ബീജാനി തത്ര പുരതോ വിനിധായ മന്ത്രീ
ഇഷ്ടാംബികേയകൃതനാന്ദ്യഭിധാനകർമ്മാ
പുണ്യാഹമാചരതു മൂർത്തിധരൈരുപേതഃ. 3

തത്ര പുരതഃ = അവിടെ പാലികകളുടെ മുമ്പിൽ, അസ്ത്രസ്വമന്ത്രജലദുഗ്ദ്ധസമാപ്ലുതാനി ബീജാനി നിധായ = അസ്ത്രംകൊണ്ടും വെള്ളംകൊണ്ടും തന്റെ മന്ത്രംകൊണ്ടും പാലുകൊണ്ടും കഴികയിരിക്കുന്ന മുളദ്രവ്യങ്ങളേ ഒരു പാത്രത്തിൽവച്ച്, ഇഷ്ടാബികേയകൃതനാന്ദ്യഭിധാനകർമ്മാ = ദേഹശുദ്ധ്യാദി ഗണപതിപൂജാന്തം ചെയ്തു് നാന്ദീമുഖം കല്പിച്ചു ദാനംചെയ്തു്, മൂർത്തിധരൈഃ ഉപേതഃ പുണ്യാഹം ആചരതു = പരികർമ്മികളോടു കൂടി, "ബീജാംകുരദേവതാഃ പ്രീയന്താം' എന്നു വിശേഷംകൂട്ടി പുണ്യാഹത്തേ തളിപ്പൂ.

പീഠം പ്രപൂജ്യ പരികല്പിതസംസ്ഥിയാസു
വിഷ്ണും സ്വനാമമനനാഽർഹതു പാലികാസു
ബീജേഷു തത്തദധിപാംശ്ച പൃഥക്സ്ഥിതേഷു
സമ്മിശ്രിതേഷു യജതാമഥവൌഷധീശം. 4

www.shripuram.org
Shripuram Publications
www.shripuram.org

പീഠം പ്രപൂജ്യ = പിന്നെ പാലികകൾക്കും ബീജങ്ങൾക്കും പീഠ പൂജയേച്ചെയ്ത്, പരികല്പിതസംസ്ക്രിയാസു പാലികാസുസ്വനാമമന്ത്രനാ വിഷ്ണും അർഹ്വേ = കലശങ്ങൾക്ക പറയുന്നതുപോലെ ശോഷണാദികളും പാത്രപൂജയും കൂർച്ചപൂജയും രണ്ടിടത്തും ചെയ്ത്, പാലികകളിൽ 'ഓം വിഷ്ണവേ നമഃ' എന്നതുകൊണ്ടു വിഷ്ണുവിനേ ആവാഹിച്ച് 'ഓം ഹൃദയായ നമഃ' ഇത്യാദ്യംഗം ന്യസിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ. പൃഥക് സ്ഥിതേഷു ബീജേഷു തത്തദധിപാൻ ച = മുളദ്രവ്യങ്ങൾ വെവ്വേറെ വയ്ക്കുന്ന പക്ഷത്തുങ്കൽ വെവ്വേറേ അതതിന്റെ അധിപതികളേ ആവാഹിച്ചു പൂജിക്കണം. സമ്മിശ്രിതേഷു ബീജേഷു ഓഷധീശം ച യജതാം = മുളദ്രവ്യങ്ങൾ കൂട്ടി ഒന്നാക്കി ഒരു പാത്രത്തിൽ വയ്ക്കുന്ന പക്ഷത്തുങ്കൽ 'സോം സോമായ നമഃ' എന്നതുകൊണ്ട് സോമനേ ആവാഹിച്ച് 'സോം ഹൃദയയാ നമഃ' ഇത്യാദ്യംഗം ന്യസിച്ചു പൂജിച്ചു അർഘ്യപുഷ്പാഞ്ജലിയും ചെയ്വൂ.

മുളദ്രവ്യങ്ങളെ വെവ്വേറെ പൂജിക്കുന്നേടത്ത് ദേവതകളേ പറയുന്നു.

ബ്രഹ്മാഽർച്ച്യോഽധിയവം മുരാരിരധിമു-
ദ്ഗം സർഷപേഷ്വീശ്വരോ-
നിഷ്പാവേഷു മരുത് പ്രിയംഗുഷു ഗുഹോ-
മാഷേഷ്വമർത്യാധിപഃ
ഖല്വേഷ്വഗ്നിരിനോഽധിശാല്യധിതിലം
പ്രേതാധിഭൂ രാജമാ-
ഷാഖ്യേഷ്വപ്പതിരാഢകീഷു ച രമാ
ശ്യാമേഷു സോമഃ ക്രമാത്. 5

അധിയവം(ബ്രഹ്മാ) = യവത്തുങ്കൽ ബ്രഹ്മാവും, അധിമുദ്ഗംമുരാരിഃ = ചെറിയ പയറുങ്കൽ വിഷ്ണുവും, സർഷപേഷു ഈശ്വരഃ = കടുകുകളിൽ ശിവനും, നിഷ്പാവേഷു മരുത് = തുവരയിങ്കൽ വായുവും, പ്രിയംഗുഷു ഗുഹഃ = തിനകളിൽ സുബ്രഹ്മണ്യനും, മാഷേഷു അമർത്യാധിപഃ = ഉഴുന്നുങ്കൽ ദേവേന്ദ്രനും, ഖല്വേഷു അഗ്നിഃ = മുതിരയിങ്കൽ അഗ്നിയും, അധിശാലി ഇനഃ = നെല്ലുങ്കൽ ആദിത്യനും, അധിതിലം പ്രേതാധിഭൂഃ = എള്ളുങ്കൽ യമനും, രാജമാഷാഖ്യേഷു അപ്പതിഃ = വല്യപയറുങ്കൽ വരുണനും, ആഢകീഷു രമാ = അമരയിങ്കൽ ശ്രീഭഗവതിയും, ശ്യാമേഷു സോമഃ ച = ചാമയിങ്കൽ സോമനും ക്രമാത് അർച്ച്യാഃ = ക്രമേണ പൂജിപ്പൂ. ഇന്നെല്ലാം ഒന്നായിട്ടുവച്ച് സോമനേ പൂജിക്കുന്നേയുള്ളു.

ഏതാനി ബീജാനി സമാഹിതാത്മാ
ക്രമേണ പാത്രേഷു പവിത്രപാണിഃ

Shripuram Publications
www.shripuram.org

നദത്സു വാദ്യേഷു വപേത്തദുക്ത-
മന്ത്രേണ വഹ്ന്യാദി ശിവാവസാനം. 6

സമാഹിതാത്മാ മന്ത്രീ = സാവധാനമനസ്സായിരിക്കുന്ന ആചാര്യൻ ദാനവും മുഹൂർത്തവും ചെയ്തു നീരാജനവും ഉഴിഞ്ഞാൽ, നദത്സു വാദ്യേഷു = വാദ്യങ്ങൾ കൊട്ടിയിരിക്കുമ്പോൾ, പാത്രേഷു ഏതാനി ബീജാനി = പാലികകളിൽ പൂജിച്ചിരിയ്ക്കുന്ന മുളദ്രവ്യങ്ങളേ, തദുക്തമന്ത്രേണ വഹ്ന്യാദിശിവാവസാനം ക്രമേണ പവിത്രപാണിഃ വപേത് = അതതു ദേവന്മാർക്കു പറയുന്ന മന്ത്രങ്ങളെക്കൊണ്ട് അഗ്നികോണിൽ തുടങ്ങി ഈശകോണ് അവസാനമാകുംവണ്ണം മുമ്പിൽ പറഞ്ഞ ക്രമത്തേ അനുസരിച്ച് പവിത്രഹസ്തനായിട്ടു വിതയ്ക്കണം.

താനി പ്രോക്ഷതു തത്തദാഗമസമു-
ക്തേനാണുനാ സാദരം
പാഥോഭിഃ കുശകൂർച്ചചർച്ചിതകരോ-
ഗന്ധക്ഷപാമേദുരൈഃ
ദേവം തത്ര തതോ/ഭിവാഹ്യ സകളീ-
കൃത്യോപഹാരാൻ ക്രമാ-
ദ്ദത്വാ സ്നാനവിധൌ സമുക്ഷതു തഥാ-
//പോഹ്യാദിതന്മന്ത്രതഃ. 7

കുശകൂർച്ചചർച്ചിതകരഃ ഗുരുഃ ദർഭകൂച്ചഹസ്തനായിരിക്കുന്ന ആചാര്യൻ, ഗന്ധക്ഷപാമേദുരൈഃ പാഥോഭിഃ = അഷ്ടഗന്ധവും മഞ്ഞപ്പൊടിയും കലക്കിയിരിക്കുന്ന വെള്ളംകൊണ്ട്, തത്തദാഗമസമുക്തേന അണുനാ = അവരവരുടെ ആഗമങ്ങളിൽ പറയപ്പെട്ടിരിക്കുന്ന മന്ത്രംകൊണ്ട്, താനി ബീജാനി സാദരം പ്രോക്ഷതു = പാലികകളിൽ വിതച്ചിരിക്കുന്ന ബീജങ്ങളേ സാദരമാകുംവണ്ണം പ്രോക്ഷിപ്പൂ. തതഃ തത്ര ദേവം അഭിവാഹ്യ സകളീകൃത്യ = പിന്നെ അവിടെ ദേവനേ മൂലംകൊണ്ട് ആവാഹിച്ച് വ്യാപകാംഗാന്തം ന്യസിച്ച്, ഉപഹാരാൻ ക്രമാദ് ദത്വാ = അർഘ്യാദികളേ ക്രമംപോലെ കൊടുത്ത്, സ്നാനവിധൌ 'ആപോഹ്യാദി' തന്മന്ത്രതഃ തഥാ സമുക്ഷതു = സ്നാനം കഴിഞ്ഞാൽ ആപോഹിഷ്ഠാദി മൂന്ന് ഋക്കുകൊണ്ടും മുമ്പിലേപ്പോലെ വെള്ളംകൊണ്ടു തളിപ്പൂ.

ദത്വാ വസ്ത്രാദിഭൂഷാവധി തദനു യജേത്
തഞ്ച പഞ്ചോപഹാരൈർ-
നൈവേദ്യാന്തേ പ്രസാദ്യാമലവസനവൃതാ-
ന്യസ്തതസ്താനി രക്ഷേത്

www.shripuram.org
Shripuram Publications
www.shripuram.org

പ്രാഗാദ്യാസൂപലിപ്താസ്തൃതകുശരുചിരാ-
സ്വാഷ്ടദിക്ഷ്വർച്ചയിത്വാ
ദദ്യാത്തദ്രാത്രിപേഭ്യോ ബലിമപി പരിഷ-
ത്സംയുതേഭ്യോ ഗ്രഹേഭ്യഃ. 8

തദനു വസ്ത്രാദി ഭൂഷാവധി ദത്വാ പഞ്ചോപഹാരൈഃ യജേത് = പിന്നെ വസ്ത്രാദിഭൂഷണാന്തം കൊടുത്ത് ജലഗന്ധപുഷ്പധൂപദീപങ്ങളേക്കൊണ്ടു മൂർത്തിപൂജയും നിവേദിപ്പൂ. നൈവേദ്യാന്തേ പ്രസാദ്യ = നിവേദ്യം കഴിച്ചാൽ പ്രസന്നപൂജയും ചെയ്ത്, അമലവസനവൃതാനി താനി അസ്ത്രതഃ രക്ഷേത് = അവറ്റേ കോടിവസ്ത്രംകൊണ്ടു മൂടി അസ്ത്രംകൊണ്ടു രക്ഷിപ്പൂ. പ്രാഗാദ്യാസു അഷ്ടദിക്ഷു = പിന്നെ മുളയിട്ടതിന്റെ കിഴക്കു തുടങ്ങി എട്ടുദിക്കുകളിലും, ഉപലിപ്താസ്തൃതകുശരുചിരാസു = മെഴുകി കുറുമ്പുല്ലുകളും വിരിച്ച്, തദ്രാത്രിപേഭ്യഃ പരിഷത്സംയുതേഭ്യഃ ഗ്രഹേഭ്യഃ അർച്ചയിത്വാ = അതതു രാത്രീശന്മാരായിരിക്കുന്ന ഗ്രഹങ്ങൾക്കും തന്റെ പാർഷത്തുകളോടും കൂടീട്ട് അതതു മന്ത്രംകൊണ്ട് അർച്ചിച്ചിട്ട് ബലിം ദദ്യാത് = ബലിയേ തൂകണം.

ഉക്ഷേദൂർദ്ധ്വദിനേഷു പീഠയജനാ-
ന്തേ പാത്രബീജാധിദൈ-
വേജ്യാകൃത്സവനേഷു ദേവമഭിവാ-
ഹ്യോക്തക്രമാത് പൂജയേത്
രാത്രൗ തത്ര ബലിം ഹരേദിഹ ബലിഃ
ശുദ്ധേന ഭൂതാന്ധസാ
തത്തദ്ദ്രവ്യസമന്വിതേന ചരുണാ
വാ/ന്തേ സ്വയം സ്നാതു ച. 9

ഊർദ്ധ്വദിനേഷു = രണ്ടാംദിവസം തുടങ്ങിയുള്ള ദിവസങ്ങളിൽ, സവനേഷു = കാലത്തും ഉച്ചയ്ക്കും രാത്രിയിലും മൂന്നുനേരത്തും, പീഠയജനാന്തേ = ദേഹശുദ്ധ്യാദി പീഠപൂജാന്തം ചെയ്ത്, പാത്രബീജാധിദൈവേജ്യാകൃത് ഉക്ഷേത് = പാലികകളിൽ വിഷ്ണുവിനേ ആവാഹിച്ചു പൂജിപ്പൂ. രണ്ടിനും നിവേദ്യസ്ഥാനത്ത് അർഘ്യം വീഴ്ത്തി മാനസപൂജയും ചെയ്വൂ. പിന്നെ ഗന്ധരജനിജലംകൊണ്ടു പവിത്രപാണിയായിട്ടു തളിപ്പൂ. ദേവം അഭിവാഹ്യ ഉക്തക്രമാത് പൂജയേത് = പിന്നെ ദേവനേ ആവാഹിച്ച് വ്യാപകാന്തം ന്യസിച്ച് അർഘ്യാദികൊടുത്ത് സ്നാനകാലത്തു തളിച്ച് വസ്ത്രാദിമൂർത്തിപൂജയേ ചെയ്ത് നിവേദിച്ച് പ്രസന്നപൂജയും ചെയ്തു രക്ഷിപ്പൂ. തത്ര രാത്രൗ ബലിം ഹരേത് = അവിടെ നിത്യവും രാത്രിയിങ്കൽ

Shripuram Publications
www.shripuram.org

ബലിയും ളുക. ഇഹ ബലിഃ ശുദ്ധേന ചരുണാ വാ ഭൃതാന്ധസാ വാ = ഇവിടെ ബലി ശുദ്ധഹവിസ്സുകൊണ്ടുമാം, ഭൃതക്ഷുരഹവിസ്സുകൊണ്ടുമാം. തത്തദ്ദ്രവ്യസമന്വിതേന ചരുണാ വാ = അതതു ദേവതകൾക്കു വെവ്വേറെ പറയുന്ന ദ്രവ്യങ്ങളേക്കൊണ്ടുമാം. അന്തേ സ്വയം സ്നാതു ച = ബലികഴിഞ്ഞാൽ ആചാര്യൻ കുളിക്കയും വേണം. ശുദ്ധഹവിസ്സുകൊണ്ടു ബലിതുകിയാൽ കാൽകഴുകി ആചമിച്ച ശേഷം ക്രിയകൾ ചെയ്യുകാണുന്നു.

ശാലീമാഷയവപ്രിയംഗുതിലമു-
ത്സാഖല്വമുദ്ഗാസുരീ-
ശിംബശ്യാമകരാജമാഷകമയഃ
ശാർങ്ഗീശദുർഗാജിതേ
ബീജൌഘഃ ശിവവിഘ്നയോരപയവാ-
ന്ത്യോ/ന്ത്യദ്വിഹീനോ ഗുഹേ
നിർമ്മുദ്ഗാദിരഥാര്യകേ സസുമനോ-
വേണൂത്ഥനീവാരവാൻ. 10

ശാർങ്ഗീശേ ദുർഗാജിതേ = ശങ്കരനാരായണങ്കലും വിഷ്ണുവിങ്കലും ദുർഗയിങ്കലും, ശാലി = നെല്ല്, മാഷം = ഉഴുന്ന്, യവം = അതുതന്നെ, പ്രിയംഗു = തിന, തിലം = എള്ള്, മുത്സാ = തുവര, ഖല്വം = മുതിര, മുദ്ഗം = ചെറുപയറ്, ആസുരീ = കടുക്, ശിംബം = അമര, ശ്യാമം = ചാമ, രാജമാഷം = വലിയപയറ്, ബീജൌഘഃ = മുളദ്രവ്യങ്ങൾ, ശിവവിഘ്നയോഃ അപയവാന്ത്യഃ = ശിവങ്കലും ഗണപതിയിങ്കലും യവവും വലിയ പയറും കൂടാതെ ശേഷമുള്ള പത്തുകൂട്ടം മുളദ്രവ്യങ്ങൾ, ഗുഹേ അന്ത്യദ്വിഹീനഃ = സുബ്രഹ്മണ്യങ്കൽ ചാമയും വലിയ പയറും കൂടാതെ ശേഷം പത്തുകൂട്ടം മുളദ്രവ്യങ്ങൾ, ആര്യകേ നിർമ്മുദ്ഗാദിഃ സസുമനോവേണൂത്ഥനീവാരവാൻ = ശാസ്താവിങ്കൽ ചെറുപയറ് കടുക്, അമര, ചാമ, വലിയ പയറ് ഇവ അഞ്ചും കൂടാതെ ശേഷം ഏഴും കോതമ്പും മുളനെല്ലും വരിനെല്ലുംകൂടി പത്തുകൂട്ടം മുളദ്രവ്യങ്ങൾ.

ബീജാനി വഹ്നിഭുവി വാ ശിവവൽ, സ്വമൂലം
പ്രക്ഷാളനേ/ണുരഖിലേഷു ഹരാവിനാർണ്ണം
തത്രേശ്വരേ ഭവതി തത് പുരുഷഃ പ്രവാപേ
സ്യാത് ത്ര്യംബകാണുരധിശൂലി പരേഷു മൂലം. 11

വഹ്നിഭുവി ബീജാനി ശിവവത് വാ = സുബ്രഹ്മണ്യങ്കൽ മുളദ്രവ്യങ്ങൾ ശിവനേപ്പോലെയുമാം. അഖിലേഷു പ്രക്ഷാളനേ സ്വമൂലം അണുഃ = എല്ലാവർക്കും പാലുകൊണ്ടു ദ്രവ്യങ്ങളേ കഴുകുന്നിടത്ത് തന്റെ തന്റെ

www.shripuram.org
Shripuram Publications
www.shripuram.org

മൂലമന്ത്രം; ഹരൌ ഇനാർണ്ണം = വിഷ്ണുവിങ്കൽ കഴകുവാൻ ദ്വാദശാക്ഷരം, തത്ര ഈശ്വരേ തത്പുരുഷഃ = ശിവങ്കൽ കഴകുവാൻ 'തത് പുരുഷായ വിദ്മഹേ' ഇത്യാദിഗായത്രീ. അധിശ്ചുലി പ്രവാപേ ത്ര്യംബകാണഃ = ശിവങ്കൽ ദ്രവ്യങ്ങളേ വിതപ്പാൻ 'ത്ര്യംബകായ ശർവായ' ഇത്യാദി മന്ത്രം. പരേഷു മൂലം സ്യാത് = ശേഷമെല്ലാവർക്കും വിതപ്പാൻ തന്റെ മൂലം ഭവിക്കും.

'ത്ര്യംബകായ ച ശർവ്വായ ശങ്കരായ ശിവായ ച
സർവ്വലോകപ്രധാനായ ശാശ്വതായ നമോ നമഃ.'

ഇതു ശിവങ്കൽ വിതപ്പാനുള്ള മന്ത്രം.

ഗായത്ര്യാ നിജയാഽത്ര സേചനവിധി-
ർവ്വിഘ്നാര്യഷാണ്മാതുരേ
ശാർങ്ഗീശാജിതയോസ്ത്രിതാരകനമോ-
മൂർദ്ധ്നാജിതന്താണനാ
കാര്യഃ ഷണ്മുഖവിദ്യയേഷുഭുവി വാ
ശക്ത്യാ ധ്രുവാദ്യന്തയാ
ദുർഗായാം മനനാം മനോഭവിരപൌ
വാപോദിതേന സ്വയം. 12

അത്ര വിഘ്നാര്യഷാണ്മാതുരേ = ഇവിടെ ഗണപതിയിങ്കലും ശാസ്താവിങ്കലും സുബ്രഹ്മണ്യങ്കലും, നിജയാ ഗായത്ര്യാ സേചന വിധിഃ കാര്യാ = തന്റെ തന്റെ ഗായത്രികൊണ്ടു മൂന്നുനേരവും വെള്ളം തളിക്കണം. ശാർങ്ഗീശാജിതയോഃ ത്രിതാരകനമോ മൂർദ്ധ്നാ ജിതന്താണനാ = ശങ്കരനാരായണങ്കലും വിഷ്ണുവിങ്കലും മൂന്നു പ്രണവവും നമഃ എന്നുംകൂടി ഒടുക്കത്ത് ഇരിക്കുന്ന 'ജിതംതേ പുണ്ഡരീകാക്ഷ' ഇത്യാദിമന്ത്രംകൊണ്ടു തളിപ്പൂ. ഇഷുഭുവി ഷണ്മുഖവിദ്യയാ വാ = സുബ്രഹ്മണ്യങ്കൽ തന്റെ ഉപചാരംകൊണ്ടുമാം. ദുർഗ്ഗായാം ധ്രുവാദ്യന്തയാ ശക്ത്യാ = ദുർഗയിങ്കൽ പ്രണവപുടിതമായ ഹ്രീംകാരംകൊണ്ടു തളിപ്പൂ. മനോഭവരിപൌ വാപോദിതേന മനനാ സ്വയം = ശിവങ്കൽ ദ്രവ്യങ്ങളെ വിതപ്പാൻ പറഞ്ഞ 'ത്ര്യംബകായ' ഇത്യാദികൊണ്ടുതന്നെ തളിപ്പൂ.

ബലേർബ്രഹ്മഭൃതേന്ദ്രഗന്ധർവ്വയക്ഷാഃ
സരക്ഷഃപിശാചാഃ സ്മൃതാ വിഷ്ണുവിഘ്നാഃ
തതഃ സ്കന്ദരുദ്രാഃ ശിവാഃ ശർവ്വവിഘ്നേ
ദ്വിഷഡ്ദേവതാ രാത്രിക്ലൃപ്ത്യാഽത്ര യോജ്യാഃ. 13

www.shripuram.org
Shripuram Publications
www.shripuram.org

ശർവവിഘ്നേ ബലേഃ = ശിവങ്കലും ഗണപതീങ്കലും ബലിദ്ദകവാൻ, ബ്രഹ്മഭൂതേന്ദ്രഗന്ധർവയക്ഷാഃ = ബ്രഹ്മഗ്രഹേഭ്യോ നമഃ, ഭൂതഗ്രഹേഭ്യോ നമഃ, ഇന്ദ്രഗ്രഹേഭ്യോ നമഃ, ഗന്ധർവഗ്രഹേഭ്യോ നമഃ, യക്ഷഗ്രഹേഭ്യോ നമഃ, സരക്ഷഃപിശാചാഃ = രാക്ഷസഗ്രഹേഭ്യോ നമഃ, പിശാചഗ്രഹേഭ്യോ നമഃ, വിഷ്ണുവിഘ്നാഃ = വിഷ്ണുഗ്രഹേഭ്യോ നമഃ, വിഘ്നഗ്രഹേഭ്യോ നമഃ, സ്കന്ദരുദ്രാഃ = സ്കന്ദഗ്രഹേഭ്യോ നമഃ, രുദ്രഗ്രഹേഭ്യോ നമഃ, ശിവാഃ = ശിവഗ്രഹേഭ്യോ നമഃ, ദ്വിഷഡ്ദേവതാഃ സ്മൃതാഃ – ഇങ്ങനെ പന്ത്രണ്ടു ദിവസത്തേയ്ക്കും ബലിമന്ത്രങ്ങൾ പറയപ്പെട്ടു. അത്ര രാത്രിങ്കല്പ്യാ യോജ്യാഃ = ഇവിടെ എത്ര ദിവസം മുളപൂജ വേണമെന്നാൽ അത്ര ദിവസത്തേ മന്ത്രങ്ങൾ എടുത്തുകൊള്ളൂ.

ഭൂതപിതൃയക്ഷനാഗ-
ബ്രഹ്മശിവാ ബലിഭുജഃ സ്മൃതാ വിഷ്ണ്വന്താഃ
ഹരിഹരദുർഗാഹരിഷു
സ്കന്ദ ഇമേ ശിവസമുക്തബീജോപ്തിവിധൌ. 14

ഹരിഹരദുർഗാഹരിഷു = ശങ്കരനാരായണങ്കലും വിഷ്ണുവിങ്കലും ദുർഗയിങ്കലും, ഭൂതപിതൃയക്ഷനാഗബ്രഹ്മശിവാഃ വിഷ്ണ്വന്താഃ = ഭൂതഗ്രഹേഭ്യോ നമഃ, പിതൃഗ്രഹേഭ്യോ നമഃ, യക്ഷഗ്രഹേഭ്യോ നമഃ, നാഗഗ്രഹേഭ്യോ നമഃ, ബ്രഹ്മഗ്രഹേഭ്യോ നമഃ, ശിവഗ്രഹേഭ്യോ നമഃ, വിഷ്ണുഗ്രഹേഭ്യോ നമഃ, ബലിഭുജഃ സ്മൃതാഃ – ഇങ്ങനെ ഏഴു ദിവസത്തേയ്ക്കു ബലിദേവതകൾ പറയപ്പെട്ടു. ശേഷം ദിവസമുണ്ടെങ്കിൽ ഒടുക്കത്തേതുതന്നെ. സ്കന്ദേ ശിവസമുക്തബീജോപ്തി വിധൌ ഇമേ = സുബ്രഹ്മണ്യങ്കൽ ശിവന്നു പറഞ്ഞ മുളദ്രവ്യങ്ങൾ ആകുമ്പോൾ ബലിമന്ത്രങ്ങൾ ഈ വിഷ്ണുവിന്നു പറഞ്ഞതുതന്നെ.

ഭൂതേശേ ബലിഭാജോ-
ഭൂതപിശാചാശ്ച യക്ഷനാഗാശ്ച
ബ്രഹ്മശിവവിഷ്ണുപിതരഃ
സസർവദേവാ ഗ്രഹാ നവ പ്രോക്താഃ. 15

ഭൂതേശേ = ശാസ്താവിങ്കൽ, ഭൂതപിശാചാഃ യക്ഷനാഗാഃ ച = ഭൂതഗ്രഹേഭ്യോ നമഃ, പിശാചഗ്രഹേഭ്യോ നമഃ, യക്ഷഗ്രഹേഭ്യോ നമഃ, നാഗഗ്രഹേഭ്യോ നമഃ, ബ്രഹ്മശിവവിഷ്ണുപിതരഃ സസർവദേവാഃ = ബ്രഹ്മഗ്രഹേഭ്യോ നമഃ, ശിവഗ്രഹേഭ്യോ നമഃ, വിഷ്ണുഗ്രഹേഭ്യോ നമഃ, പിതൃഗ്രഹേഭ്യോ നമഃ, സർവദേവഗ്രഹേഭ്യോ നമഃ, ബലിഭാജഃ നവ ഗ്രഹാഃ പ്രോക്താഃ – ഇങ്ങനെ ഒമ്പതു ദിവസത്തേയ്ക്ക് ബലിഗ്രഹങ്ങൾ പറയപ്പെ

www.shripuram.org
Shripuram Publications
www.shripuram.org

ട്ടു. അധികം ദിവസമുണ്ടെങ്കിൽ ഒടുക്കത്തേതുതന്നെ.

ഇതീരിതാനാം ബലിദേവതാനാം
സംഖ്യാതിരിക്തേഷു ബലിം ദിനേഷു
തദന്ത്യയാ ദേവതയൈവ ദദ്യാദ്
വക്ഷ്യേ ബലിദ്രവ്യഗണം ക്രമേണ. 16

ഇതി ഈരിതാനാം ബലിദേവതാനാം = ഇപ്രകാരം പറയപ്പെട്ടിരിക്കുന്ന ബലിദേവതകൾക്ക്, ദിനേഷു സംഖ്യാതിരിക്തേഷു = ദിവസങ്ങളധികമായിട്ടുവന്നാൽ, തദന്ത്യയാ ദേവതയാ ഏവ ബലിം ദദ്യാത് = അവറ്റിലൊടുക്കത്തേ മന്ത്രംകൊണ്ട് ശേഷം ദിവസങ്ങളിൽ ബലിയേ ച്ചെയ്വൂ. അഥ ബലിദ്രവ്യഗണം ക്രമേണ വക്ഷ്യേ = അനന്തരം ഞാൻ ഈ ദേവതകളുടെ ബലിദ്രവ്യത്തേ ക്രമേണ പറയുന്നേൻ.

ബ്രാഹ്മം പുഷ്പകുശാക്ഷതാംബുചരുണാ
/ന്യം ഭൂതക്രൂരാന്ധസാ
സർപ്പിസ്സക്തുപയോദധീന്ദ്രലതികാബ്-
ഗൌളാന്ധസൈന്ദ്രം ഹരേത്
തുര്യം വൈണവപായസേന ജലപു
ഷ്പാജ്യാന്ധസാ പഞ്ചമം
ദോഷാകംബുതൈഷൈഃ സരക്തകുസുമാ-
ന്ധോഗന്ധകൈ രാക്ഷസം. 17

മാഷാന്നാന്വിതമത്സ്യമാംസകൃസര-
ക്ഷൌദ്രൈഃ സതൈലക്ഷപാ-
ലാജൈഃ സപ്തമമഷ്ടമം ഗുളഭവാ
വൈഘ്നം ത്രിമധ്വോദനൈഃ
ദദ്ധ്യാജ്യാന്വിതകേരദുഗ്ദ്ധചരുണാ
സ്കാന്ദം ശിവേ/ന്യം നിശാ-
ദധ്യുദ്യത്കൃസരേണ സദ്വിപമുഖേ
/ന്ത്യം സാജ്യദുഗ്ദ്ധാന്ധസാ. (യുഗ്മകം) 18

സദ്വിപമുഖേ ശിവേ = ഗണപതിയിങ്കലും ശിവങ്കലും, പുഷ്പകുശാക്ഷതാംബുചരുണാ ബ്രാഹ്മം = തുളസിപ്പൂവും കുശയും അക്ഷതവും വെള്ളവും കൂടിയ ഹവിസ്സുകൊണ്ട് ബ്രഹ്മഗ്രഹത്തിനും, ഭൂതക്രൂരാന്ധസാ അന്യം = ഹാരിദ്രാദി അഞ്ചും കൂടിയ ഭൂതക്രൂരഹവിസ്സുകൊണ്ട് രണ്ടാംദിവസം ഭൂ

www.shripuram.org
Shripuram Publications
www.shripuram.org

തഗ്രഹത്തിനും, സർപ്പിസ്സക് ഉപയോദധീന്ദ്രലതികാബ് ഗൗളാന്ധസാ ഐന്ദ്രം = നെയ്യും അരിവറുത്തുപൊടിച്ചതും പാലും തയിരും ഉഴിഞ്ഞ നീരും ശർക്കരയും കൂടിയ ഹവിസ്സുകൊണ്ട് ഇന്ദ്രഗ്രഹത്തിനും, വൈണവ പായസേന തുര്യം = മുളയരിയിട്ടു പാലുകൂട്ടി വേകിച്ച പായസംകൊണ്ട് നാലാംദിവസം ഗന്ധർവഗ്രഹത്തിനും, ജലപുഷ്പാജ്യാന്ധസാ പഞ്ചമം = വെള്ളവും താമരപ്പൂവും നെയ്യും കൂടിയ ഹവിസ്സുകൊണ്ട് അഞ്ചാംദിവസം യക്ഷഗ്രഹത്തിനും, ദോഷാകംബുതുഷൈഃ സരക്തകുസുമാന്ധോ ഗന്ധകൈഃ രാക്ഷസം = മഞ്ഞളും കമ്പപ്പയറും ഉമിയും ചെമ്പരത്തിപ്പൂവും അഷ്ടഗന്ധവും കൂടിയ ഹവിസ്സുകൊണ്ട് ആറാംദിവസം രാക്ഷസഗ്രഹത്തിനും, സതൈലക്ഷപാലാജൈഃ മാഷാന്നാന്വിതമത്സ്യമാംസകൃസരക്ഷൌദ്രൈഃ സപ്തമം = എണ്ണയും മഞ്ഞളും മലരും ഉഴുന്നപരിപ്പും മത്സ്യമാംസപ്രതിനിധിയായ വത്സനും എള്ളുവറുത്തതും തേനുംകൂടിയ ഹവിസ്സുകൊണ്ട് ഏഴാംദിവസം പിശാചഗ്രഹത്തിനും, ഗുളഭവാ അഷ്ടമം = ശർക്കരയിട്ടു വെന്ത ഹവിസ്സുകൊണ്ട് എട്ടാംദിവസം വിഷ്ണുഗ്രഹത്തിനും, ത്രിമധ്വോദനൈഃ വൈഘ്നം = പാലും തേനും നെയ്യും കൂടിയ ഹവിസ്സുകൊണ്ട് വിഘ്നഗ്രഹത്തിനും, ദദ്ധ്യാജ്യാന്വിതകേരദുഗ്ദ്ധചരുണാ സ്കാന്ദം = തൈരും നെയ്യും തേങ്ങാപ്പാലും കൂടിയ ഹവിസ്സുകൊണ്ട് സ്കന്ദഗ്രഹത്തിനും, നിശാദദ്ധ്യദ്യത്കൃസരേണ അന്യം = മഞ്ഞളും തൈരും എള്ളുവറുത്തതും കൂടിയ ഹവിസ്സുകൊണ്ട് പതിനൊന്നാം ദിവസം രുദ്രഗ്രഹത്തിനും, സാജ്യദുഗ്ദ്ധാന്ധസാ അന്ത്യം = പാലും നെയ്യും കൂടിയ ഹവിസ്സുകൊണ്ട് പന്ത്രണ്ടാം ദിവസം ശിവഗ്രഹത്തിനും, ബലിം ഹരേത് = ബലിയേ തൂകു.

ഗൃഹേ/ത്ര നിഃശ്യാമകരാജമാഷേ
ബീജേ വിപര്യസ്തമുപാദ്യയുഗ്മം
സ്കന്ദഗ്രഹേഭ്യോ ബലിരഷ്ടമേ/ഹ്നി
ഗൌളേന ദൌഗ്ദ്ധേനതതഃ പരസ്താത്. 19

അത്ര ഗൃഹേ നിഃശ്യാമകരാജമാഷേ ബീജേ = ഇവിടെ സുബ്രഹ്മണ്യങ്കൽ ചാമയും വലിയ പയറും കൂടാതെ തനിക്കു വിധിച്ചിരിക്കുന്ന മുളദ്രവ്യങ്ങളേക്കൊണ്ട് മുളയിട്ടിരിക്കുന്നേടത്ത്, ഉപാദ്യ യുഗ്മം വിപര്യസ്തം = ഈ മന്ത്രങ്ങളിൽ രണ്ടാമത്തേതു മൂന്നാമതായിട്ടും മൂന്നാമത്തേതു രണ്ടാമതായിട്ടും വേണം. അപ്പോൾ ബ്രഹ്മഗ്രഹേഭ്യഃ എന്നു കഴിഞ്ഞാൽ രണ്ടാംദിവസം ഇന്ദ്രഗ്രഹേഭ്യഃ എന്നും മൂന്നാം ദിവസം ഭൂതഗ്രഹേഭ്യഃ എന്നും വേണം. ബലിദ്രവ്യങ്ങളും അതതിന്റേതായിട്ടു വരണം. നാലാംദിവസം തുടങ്ങി ഏഴാം ദിവസംവരെയും ഗന്ധർവയക്ഷരാക്ഷസപിശാചഗ്ര

Shripuram Publications
www.shripuram.org

ഹങ്ങൾ തന്നെ. അഷ്ടമേ അഹനി ഗൌളേന സ്കന്ദഗ്രഹേഭ്യഃ ബലിഃ = എട്ടാം ദിവസം ശർക്കരപ്പായസംകൊണ്ട് സ്കന്ദഗ്രഹങ്ങൾക്കായിക്കൊണ്ട് ബലിയേച്ചെയ്വൂ. തതഃ പരസ്താത് ദൌഗ്ദ്ധേന ച = ഒമ്പതാം ദിവസം തുടങ്ങി കഴിവോളം പാൽപ്പായസംകൊണ്ടുതന്നെ സ്കന്ദഗ്രഹങ്ങൾക്ക ബലിയേച്ചെയ്വൂ. എട്ടാംദിവസം തുടങ്ങിയാൽ സ്കന്ദ ഗ്രഹേഭ്യോ നമഃ എന്നതന്നെ ബലിമന്ത്രം.

ഹാരിദ്രം ദധിലാജസക്തുപലലാ-
ഢ്യം ഭൂതകൂരാഹ്വയം
പ്രാചീനം തിലതണ്ഡുലം പരമുഡു-
മ്ബംലാജധാനാന്വിതം
യാക്ഷം നാഗമുശന്തി കേരരസശാ-
ലീപിഷ്ടസക്തൂത്തരം
പാഥോജാക്ഷതമന്നപൂപമപരം
ഗൌളൌദനം സപ്തമം. 20

ദിവസേഽഷ്ടമേ പയോന്നം
കൃസരം നവമേ പയോന്നമത ഊർദ്ധ്വം
ദ്രവ്യാണി വിഷ്ണുദുർഗാ-
ഹരീശഷാണ്മാതുരേഷ്വാഹുഃ. 21

വിഷ്ണുദുർഗ്ഗാഹരീശഷാണ്മാതുരേഷു = വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും സുബ്രഹ്മണ്യങ്കലും, ഹാരിദ്രം ദധിലാജസക്തുപലലാഢ്യം ഭൂതകൂരഹ്വയം പ്രാചീനം = മഞ്ഞളും തയിരും മലരും അരിവറുത്തു പൊടിച്ചതും എള്ളുവറുത്തതും കൂടിയ ഹവിസ്സ് ഒന്നാംദിവസം ഭൂതഗ്രഹത്തിന്ന ഭൂതകൂരാമെന്ന പേരാകുന്നതും. തിലതണ്ഡുലം പരം = എള്ളും അരിയും കൂടിയ ഹവിസ്സ രണ്ടാംദിവസം പിതൃഗ്രഹത്തിനും, ലാജധാനാന്വിതം ഉഡുംബം യാക്ഷം = മലരും അരിവറുത്തതും ഊമനും കൂടിയ ഹവിസ്സ മൂന്നാംദിവസം യക്ഷഗ്രഹത്തിന്. കേരരസശാലീപിഷ്ടസക്തു നാഗം = തേങ്ങാപ്പാലും നെല്ല് അരച്ചതും അരിവറുത്തതും കൂടിയ ഹവിസ്സ് നാലാംദിവസം നാഗഗ്രഹത്തിന്ന്. പാഥോജാക്ഷതം ഉത്തരം = താമരപ്പൂവും അക്ഷതവും ഹവിസ്സും കൂടിയത് അഞ്ചാം ദിവസം ബ്രഹ്മഗ്രഹത്തിന്ന്. അന്നപൂപം അപരം = ഹവിസ്സും അപ്പവും കൂടി ആറാം ദിവസം ശിവഗ്രഹത്തിന്ന്, ഗൌളൌദനം സപ്തമം = ശർക്കരപ്പായസം ഏഴാം ദിവസം വിഷ്ണുഗ്രഹത്തിന്നും, അഷ്ടമേദിവസേ പയോന്നം = എട്ടാം ദിവസം പാൽപ്പായസം വിഷ്ണുഗ്രഹത്തിനും, നവമേ കൃസരം = ഒമ്പ

Shripuram Publications
www.shripuram.org

താംദിവസം എള്ളുവറുത്തതും ഹവിസ്സുംകൂടി വിഷ്ണുഗ്രഹത്തിന്നും, അത ഊർദ്ധ്വം പയോന്നം = പത്താംദിവസം മുതൽ പാല്പായസം തന്നെയും, ദ്രവ്യാണി ഉശന്തി = ബലിദ്രവ്യങ്ങളേ ഇച്ഛിക്കുന്നു.

ഭൃതാന്നൈസ്തൈലമാംസൌദനരജനിരജഃ
സക്തുഭിർലാജധാനാ-
ദധ്യൌഡുംബൈസ്തഥാ തണ്ഡുലവിമലരജഃ-
സക്തുകേരീപയോന്നൈഃ
സ്യാത് പദ്മവ്രീഹിദൂർവാഽക്ഷതയവതിലസി-
ദ്ധാർത്ഥഗന്ധൈർഗുളാന്നൈർ-
ദൌഗ്ദ്ധാന്നൈർദാധികാന്നൈർബലിരിഹ കുസുമാ-
ന്നൈഃ ക്രമാദ് ഭൂതനാഥേ. 22

ഭൂതനാഥേ = ശാസ്താവിങ്കൽ, ഭൃതാന്നൈഃ = ഒന്നാം ദിവസം ഹാരിദ്രാദിഭൃതകൂരഹവിസ്സുകൊണ്ടും, തൈലമാംസൌദനരജനി രജഃസക്തുഭിഃ = രണ്ടാം ദിവസം എണ്ണയും മാംസപ്രതിനിധിയായ വത്സനും മഞ്ഞപ്പൊടിയും അരിവറുത്തതും കൂടിയ ഹവിസ്സുകൊണ്ടും, ലാജധാനാദധ്യൌഡുംബൈഃ = മൂന്നാംദിവസം മലരും അരിവറുത്തതും തൈരും ഊമനും കൂടിയ ഹവിസ്സുകൊണ്ടും, തഥാ തണ്ഡുലവിമലരജഃസക്തുകേരീപയോന്നൈഃ = നാലാംദിവസം വെളുത്ത അരിപ്പൊടിയും അരി വറുത്തതും തേങ്ങാപ്പാലും കൂടിയ ഹവിസ്സുകൊണ്ടും, പദ്മവ്രീഹിദൂർവാഽക്ഷതയവതിലസിദ്ധാർത്ഥഗന്ധൈഃ = അഞ്ചാംദിവസം താമരപ്പൂവും നെല്ലും കറുകയും അക്ഷതവും യവവും എള്ളും കടുകും അഷ്ടഗന്ധവുംകൂടിയ ഹവിസ്സുകൊണ്ടും, ഗുളാന്നൈഃ = ആറാം ദിവസം ശർക്കരപ്പായസംകൊണ്ടും, ദൌഗ്ദ്ധാന്നൈഃ = ഏഴാംദിവസം പാൽപ്പായസംകൊണ്ടും, ദാധികാന്നൈഃ = എട്ടാം ദിവസം തൈരു വീഴ്ത്തി വെന്ത ഹവിസ്സുകൊണ്ടും, കുസുമാന്നൈഃ = ഒമ്പതാംദിവസം പുഷ്പങ്ങളോട്ടുകൂടിയ ഹവിസ്സുകൊണ്ടും, ഇഹ ബലിഃ സ്യാത് = ഇവിടെ ബലി ഭവിക്കും.

പൌർവ്വാഹ്ണികേ പ്രത്തബലീൻ സുരൂപാൻ
സ്വാരൂഢപീഠാദിചിതീനഥൈതാൻ
ബീജാങ്കുരാൻ മന്ത്രിവരോഽധിവാസ-
കർമ്മണ്യമുഷ്മിൻ വിനിയോജയേച്ച. 23

മന്ത്രിവരഃ = ആചാര്യശ്രേഷ്ഠൻ, അമുഷ്മിൻ അധിവാസകർമ്മണി = ഈ മുളയ്ക്ക് ഉപയോഗമായിരിക്കുന്ന അധിവാസദിവസത്തുങ്കൽ, പൌർവാഹ്ണികേ = നേരത്തേതന്നെ ഒരു പൂജകഴിഞ്ഞാൽ, പ്രത്തബലീൻ

www.shripuram.org
Shripuram Publications
www.shripuram.org

സ്വാരൂഢപീഠാദിചിതീൻ = ചുറ്റും അദ്ദിവസത്തേ ബലിയും തൂകി പീഠശക്തിയും ബീജഗതശക്തിയും ഉദ്വസിച്ച്, സുരൂപാൻ ഏതാൻ ബീജാങ്കുരാൻ = മനോഹരങ്ങളായിരിക്കുന്ന മുളപ്പാലികകളേ, അധിവാസകർമ്മണി വിനിയോജയേത് = ധ്യാനാധിവാസത്തിന്റെ ശയ്യാപൂജകഴിഞ്ഞാൽ ശയ്യയുടെ ചുറ്റും കൊണ്ടുചെന്നു വച്ചേപ്പൂ.

സംസ്ഥാപ്യ കേതും ബലിപീഠബാഹ്യേ
ഘണ്ടാപതാകാനിജവാഹനാഢ്യം
ത്രിസന്ധ്യമഭ്യർച്യ കിരേദ് ബലിം ച
തത്പ്രക്രിയാം വച്മി മഹോത്സവോക്തൗ. 24

ബലിപീഠബാഹ്യേ = മുളയിട്ടാൽ രാത്രിയിൽ വലിയ ബലിക്കല്ലിന്റെ പുറത്ത് മുന്നുകോൽ മാറ്റിക്കുഴിച്ച്, ഘണ്ടാപതാകാനിജവാഹനാഢ്യം കേതും സംസ്ഥാപ്യ = മണിയും മാലയും കൊടിക്കൂറയും വാഹനവുംകൂടി ഇരിക്കുന്ന കവുങ്ങുകൊണ്ടുള്ള കൊടിമരത്തേ നാട്ടി വാഹനത്തേ പൂജിപ്പൂ. ത്രിസന്ധ്യം അഭ്യർച്ച്യ ബലിം കിരേത് ച = പിന്നെ നിത്യവും മൂന്നു നേരവും കൊടിമരത്തും മൂട്ടിൽ വാഹനത്തിന്ന് അർച്ചിച്ചു ബലിയും തൂകണം. തത്പ്രക്രിയാം മഹോത്സവോക്തൗ വച്മി = കൊടിമരം നാട്ടുന്നതിന്റെ ക്രിയ ഒമ്പതാം പടലത്തിൽ ഉത്സവക്രിയയിങ്കൽ പറയുന്നുണ്ട്.

ഇങ്ങനെ മുളയിടുന്നതിനേ പറഞ്ഞിട്ട് ബിംബപരിഗ്രഹത്തേ പറയുന്നു.

അധിവാസവിധാനവാസരാത് പ്രാ-
ഗഥ തുര്യേ/ഹനി സാധകഃ സുലക്ഷ്മാം
പ്രതിമാം പരിഗൃഹ്യ കാരുവര്യാ-
ദപരാഹ്ണേ/പ് സ്വധിവാസയേത ശൈലീം. 25

സാധകഃ = ആചാര്യൻ, അധിവാസവിധാനവാസരാത് പ്രാക്തുര്യേ അഹനി = ധ്യാനാധിവാസദിവസത്തിങ്കൽനിന്ന് മുമ്പിൽ നാലാംദിവസത്തിങ്കൽ, സുലക്ഷ്മാം (ശൈലീം) പ്രതിമാം കാരുവര്യാത് പരിഗൃഹ്യ = നല്ല ലക്ഷണങ്ങളോടുകൂടിയുണ്ടാക്കിയിരിക്കുന്ന ശിലാമയമായ മൂലബിംബത്തേ ശില്പിയുടെ കൈയിൽനിന്നും പരിഗ്രഹിച്ചിട്ട്, അപരാഹ്ണേ അപ്സു അധിവാസയേത = അപരാഹ്നസമയത്തിങ്കൽ തീർത്ഥജലത്തിൽ അധിവസിപ്പിക്കണം.

അതിന്റെ ക്രിയകളേ പറയുന്നു.

Shripuram Publications
www.shripuram.org
www.shripuram.org

സ്നാത്വാ സമാചമ്യ സമഞ്ചിതാത്മാ
മന്ത്രീ സമഭ്യർച്ച്യ ഗണാധിനാഥം
സന്തർപ്യ വിപ്രാൻ ശിവദിക്പ്രക്ലപ്തേ
തന്മണ്ഡപേ നേത്രവിധിം വിദദ്ധ്യാത്. 26

മന്ത്രീ സ്നാത്വാ സമാചമ്യ സമഞ്ചിതാത്മാ = ആചാര്യൻ കുളിച്ചു കോടിവസ്ത്രമുടുത്ത് കാലും കഴുകി സ്വാസനത്തുങ്കൽ ഇരുന്നു ദേഹശുദ്ധി ശംഖപൂരണാത്മാരാധനകളേച്ചെയ്ത്, ഗണാധിനാഥം സമഭ്യർച്യ = സ്വസ്തികത്തിൽ ഗണപതിയേ പൂജിച്ച് (മുമ്പിൽ സ്വസ്തികത്തിൽ നെല്ലുമരിയുമിട്ടു പീഠം കല്പിച്ച് അതിൽ പൊന്നുംകിണ്ണവും ഉശിയും വച്ച് പീഠപൂജ തുടങ്ങി കൂർച്ചന്യാസാന്തം ചെയ്തു തേനും നെയ്യുംകൂട്ടി നിറച്ച് മൂലംകൊണ്ടു പൂജിപ്പൂ. അതിന്റെ വടക്കുഭാഗത്ത് പുല്ലുകൾ വിരിച്ച് അതിൽ തന്റെ തന്റെ ശോധനദ്രവ്യങ്ങളേയും വച്ചു ശോഷണാദിത്രയം ചെയ്ത് അസ്ത്രം കൊണ്ടു പൂജിച്ച് മൂലംതൊട്ടു ജപിപ്പൂ. വിപ്രാൻ സന്തർപ്യ = പിന്നെ ബ്രാഹ്മണർക്കു ദാനങ്ങളേയും ചെയ്ത്, ശിവദിക്പ്രക്ലപ്തേ തന്മണ്ഡപേ നേത്രവിധിം വിദദ്ധ്യാത് = ഈശകോണിൽ ബിംബപരിഗ്രഹത്തിന്നായിട്ടു കെട്ടി അലങ്കരിച്ചിരിക്കുന്ന മണ്ഡപത്തിൽപോയി നേത്രോല്ലേഖനത്തേ ചെയ്വൂ.

സംയോജ്യാജ്യമധൂ സുവർണ്ണചഷകേ
സഞ്ജപ്യ മധ്വൃക്ത്രികം
ശുദ്ധസ്വാലയസമ്മുഖീനശയനീ-
യന്യസ്തബിംബാക്ഷിണീ
സൂച്യഗ്രേണ വിലിഖ്യ സാജ്യമധുനാ
തക്ഷ്ണാ സമുൽകീര്യതേ
പ്രോക്ഷ്യാപൂര്യ തഥൈവ സാജ്യമധുനാ
ശയ്യാദി തക്ഷ്ണേ/ർപ്പയേത്. 27

സുവർണ്ണചഷകേ ആജ്യമധൂ സംയോജ്യ മധ്വൃക്ത്രികം സഞ്ജപ്യ = പൊന്നുംകിണ്ണത്തിൽ തേനും നെയ്യും കൂട്ടിയതിനേ "മധുവാതാ' ഇത്യാദി മൂന്ന് ഋക്കുകളേ തൊട്ടു ജപിച്ചു ശുദ്ധസ്വാലയസ്സമുഖീനശയനീയന്യസ്തബിംബാക്ഷിണീ = പ്രാസാദത്തിനേ നോക്കിയിരിക്കുന്ന ശയ്യയിങ്കൽ ശില്പിയാൽ കിടത്തിയിരിക്കുന്ന ബിംബത്തിന്റെ കണ്ണുകളേ, സാജ്യമധുനാ സൂച്യഗ്രേണ വിലിഖ്യ = തേനും നെയ്യും പറ്റിച്ചിരിക്കുന്ന പൊന്നുംഉശിയുടെ അഗ്രംകൊണ്ടു കണ്ണുകളേ കീറിയാൽ, തക്ഷ്ണാ തേ സമുൽകീര്യ = ശില്പി അടുത്തുവന്ന് ആ കണ്ണുകളേ ശസ്ത്രംകൊണ്ട് ഉണ്ടാ

www.shripuram.org
Shripuram Publications
www.shripuram.org

ക്കിയാൽ, പ്രോക്ഷ്യ സാജ്യമധുനാ തയൈവ ആപൂര്യ = ആചാര്യൻ ചെന്ന് വെള്ളംകൊണ്ടു ബിംബത്തേത്തളിച്ച് ശേഷമുള്ള തേനും നെയ്യുംകൂട്ടിയതിനേ കണ്ണിൽ നിറച്ച്, ശയ്യാദി തക്ഷ്ണേ അർപ്പയേത് = അവിടെ ഉപയുക്തങ്ങളായ ശയ്യ തുടങ്ങിയുള്ളവറ്റേ ശില്പിക്കായിക്കൊണ്ടു കൊടുപ്പൂ.

ശയ്യായാം ശയിതസ്യ ശർവ്വഗുഹയോർ-
ബിംബസ്യ ദദ്യാദ് ബലിം
രാജ്യാജ്യോജ്ജ്വലപായസേന പരിതഃ
പ്രാഗ്ദേവതാഭ്യോ/ഽന്നനാ
മൂർധന്യക്ഷതസർഷപാച്ഛകുസുമം
ന്യസ്യേത് ത്രിനേത്രേ തതഃ
സൂത്രം ചന്ദനചർച്ചിതം ച മണിരേ-
ഖായാമനേന ക്ഷിപേത്. 28

ശിവന്റേയും സുബ്രഹ്മണ്യന്റേയും വിശേഷം - ശയ്യായാം ശതിതസ്യ ശർവഗുഹയോഃ ബിംബസ്യ = ശയ്യയിങ്കൽ കിടത്തിയിരിക്കുന്ന ശിവലിംഗത്തിന്റെയും സുബ്രഹ്മണ്യബിംബത്തിന്റേയും, രാജ്യാജ്യോജ്ജ്വലപായസേന, ദേവതാഭ്യോ/ഽന്നനാ പരിതഃ പ്രാക്ബലിം ദദ്യാത് = കടുകും നെയ്യും കൂട്ടി ഇരിക്കുന്ന പായസാന്നംകൊണ്ട് "ദേവതാഭ്യഃ പിതൃഭ്യഃ' ഇത്യാദിമന്ത്രംകൊണ്ട് കിഴക്കുതുടങ്ങി എട്ടുദിക്കിലും മുമ്പിൽ തന്നെ ബലിയേ ഉളക. തതഃ ത്രിനേത്രേ മൂർദ്ധനി = പിന്നെ ശിവലിംഗത്തിന്റെ ശിരസ്സിങ്കൽ, അക്ഷതസർഷപാച്ഛകുസുമം ന്യസേത് = അക്ഷതവും കടുകും വെളുത്ത പൂക്കളുംകൂടി ന്യസിപ്പൂ. ചന്ദനചർച്ചിതം സൂത്രം അനേന മണിരേഖായാം ക്ഷിപേത് = പിന്നെ ചന്ദനപങ്കത്തിൽ മുക്കിയിരിക്കുന്ന നൂൽചരടിനെ ഈ പറയുന്ന മന്ത്രംകൊണ്ടു മണിരേഖയിൽ സ്പർശിച്ചു വയ്ക്കൂ.

'ഓം നമോ ഭഗവതേ രുദ്രായ
ഹിരണ്യരേതസേ മഹാത്മനേ
ശിവായ ശിവരൂപായ
ഉമാപ്രിയായ നമോ നമഃ.'

ഇതു ചരടിനേ ഇടുവാനുള്ള മന്ത്രം.

സംപ്രോക്തക്രമതോ വിലോചനവിധിം.
കുര്യാദ് ഗുഹേ/ഘേശ്വരേ-
/ഘോരേണാജ്യമധൂ സുയോജ്യ മധുമ-

Shripuram Publications
www.shripuram.org

ന്മന്ത്രം പ്രജപ്യാമുനാ
സൂച്യഗ്രേണ വിലിഖ്യ ലക്ഷ്മമണിരേ-
ഖാപാർശ്വരേഖാന്വിതം
തക്ഷ്ണാ തദ്വിരചയ്യ സർവമഥ മ-
ധ്വാജ്യേന സംപൂരയേത്. 29

അഥ ഗൃഹേ സംപ്രോക്തക്രമതഃ വിലോചനവിധം കുര്യാത് = പിന്നെ ബലി ഗ്ഗകിയാൽ സുബ്രഹ്മണ്യങ്കൽ പറഞ്ഞപോലെ ആജ്യമധു കൊണ്ടു നേത്രോല്ലേഖനത്തേച്ചെയ്‌വൂ. ശിവേ അഘോരേണ ആജ്യമധു സുയോജ്യ മധുമന്മന്ത്രം പ്രജപ്യ = ശിവങ്കൽ അഘോരനേക്കൊണ്ടു നെയ്യും തേനും കൂട്ടി പൂജിച്ച "മധുവാതാ' ഇത്യാദി മൂന്ന് ഋക്കും ജപിച്ചാൽ, സൂച്യഗ്രേണ അമുനാ മണിരേഖാപാർശ്വരേഖാന്വിതം ലക്ഷ്മ വിലിഖ്യ = സൂച്യഗ്രംകൊണ്ടു ആജ്യമധുക്കളേ എടുത്ത് ലക്ഷണത്തേയും മണിരേഖയേയും പാർശ്വരേഖകളേയും ലേഖനം ചെയ്ത്, തക്ഷ്ണാ തദ്വിരചയ്യ മധ്വാജ്യേന സർവം പൂരയേത് = ശില്പിയേക്കൊണ്ട് ലക്ഷ്മാദി രേഖകളേ ഉണ്ടാക്കിച്ചാൽ തളിച്ച തേനും നെയ്യും കൂട്ടിയതുകൊണ്ട് അവറ്റേ പൂരണം ചെയ്‌വൂ.

സന്തുഷ്ടേന തതോ നിജായതനവദ്
ഭദ്രാസനേ സ്ഥാപിതം
തക്ഷ്ണാ തത് കരതഃ പ്രഗൃഹ്യ യജമാ-
നേനാഥ തത് പ്രാർപ്പിതം
താരേണ പ്രവിലോക്യ തച്ചരണയോ-
സ്താരം പ്ലുതം പ്രോച്ചരൻ
ഗൃഹ്ണീയാന്മനബിംബമുദ്ഗതകുശാ-
ഗ്രാഭ്യാം കരാഭ്യാം ഗുരുഃ. 30

ഗുരുഃ സന്തുഷ്ടേന തക്ഷ്ണാ = ആചാര്യൻ സമ്മാനങ്ങളേകൊടുത്തു സന്തോഷിപ്പിക്കപ്പെട്ടിരിക്കുന്ന ശില്പിയേക്കൊണ്ട്, നിജായതനവദ് ഭദ്രാസനേ സ്ഥാപിതം = പ്രാസാദത്തുങ്കൽ ഭാവിയായിരിക്കുന്ന പ്രതിഷ്ഠയിങ്കലേപ്പോലെ മുഖംവരുമാറ് മരംകൊണ്ട് ഉണ്ടാക്കിയിരിക്കുന്ന ഭദ്രപീഠത്തുങ്കൽ വയ്പിപ്പൂ. അഥ യജമാനേന തത്കരതഃ പ്രഗൃഹ്യ = പിന്നെ ഊരാളരാൽ ശില്പിഹസ്തത്തുങ്കൽനിന്നു ബിംബത്തേ പ്രതിഗ്രഹിച്ച്, പ്രാപിതം ബിംബം താരേണ പ്രവിലോക്യ = ആചാര്യാനിയിക്കൊണ്ടു കൊടുക്കുന്നപ്പോൾ ബിംബത്തേ പ്രണവംകൊണ്ട് കേശാദിപാദാന്തം നോക്കി പ്ലുതം താരം പ്രോച്ചരൻ = പ്ലുതമായിട്ടു പ്രണവത്തേ ജപിച്ച്,

www.shripuram.org
Shripuram Publications
www.shripuram.org

ഉദ്ഗത കുശാഗ്രാഭ്യാം കരാഭ്യാം മന്ത്രബിംബം ഗൃഹ്ണീയാത് = രണ്ടു കൈയിലും പിടിച്ചിരിക്കുന്ന ദർഭാഗ്രങ്ങളേക്കൊണ്ട് ബിംബത്തിൽ പാദാഗ്രങ്ങളിൽ അഭിവാദ്യരൂപേണ തൊട്ട് ബിംബത്തേ പരിഗ്രഹിപ്പൂ.

അനന്തരം ശോധനകളേ പറയുന്നു.

പാഥോദർഭകധേനുബാലഘൃതമാ-
സൂരാംബുഭിഃ ശ്രീപതൌ
സാജ്യക്ഷൌദ്രകവല്ക്കമൃദ്ഭസിതചൂ-
ർണ്ണൈർഗന്ധതോയൈഃ ശിവേ
അപ്ക്ഷൌദ്രാജ്യകദർഭവല്ക്കസുമൃദ-
ദ്ഭിശ്ചാജിതേശേ മധൂ-
ർദ്ധ്വസ്ഥാജ്യേന ഹരീരിതേന മഹിഷാ-
രാവംബുദർഭാദിനാ. 31

ശ്രീപതൌ പാഥേ ദർഭകധേനുബാലഘൃതമാസൂരാംബുഭിഃ = വിഷ്ണുവിങ്കൽ വെള്ളവും ദർഭമുഷ്ടിയും പശുവിന്റെ ബാലാഗ്രരോമവും കടലയ്ക്കാപ്പൊടിയും വെള്ളവും ഇവറ്റേക്കൊണ്ട് ബിംബത്തേ ശോധിപ്പൂ. ശിവേ സാജ്യക്ഷൌദ്രകവല്ക്കമൃദ്ഭസിത ചൂർണ്ണൈഃ ഗന്ധതോയൈഃ = ശിവങ്കൽ നെയ്യും തേനും തൊലികളും മണ്ണുകളും ഭസ്മവും മൃദ്ഗാദി പൊടികളും അഷ്ടഗന്ധജലവും ഇവറ്റേക്കൊണ്ടു ശോധിപ്പൂ. അജിതേശേ അപ്ക്ഷൌദ്രാജ്യകദർഭവല്ക്കസുമൃദദ്ഭിഃ ച = ശങ്കരനാരായണങ്കൽ വെള്ളവും തേനും നെയ്യും തൊലികളും മണ്ണുകളും വെള്ളവും ഇവറ്റേക്കൊണ്ടു ശോധിപ്പൂ. മഹിഷാരൌ മധൂർദ്ധ്വസ്ഥാജ്യേന ഹരീരിതേന അംബുദർഭാദിനാ = (മഹിഷമർദ്ദിനിയിൽ) വിഷ്ണുവിങ്കൽ പറഞ്ഞിരിക്കുന്ന ജലദർഭാദികളിൽ നെയ്യുടെ മുമ്പിൽ തേനുംകൂട്ടിക്കൊള്ളൂ. അപ്പോൾ വെള്ളം ദർഭ പശുബാലാഗ്രം നെയ്യ് തേൻ കടലയ്ക്കായ് വെള്ളം ഇവകൊണ്ട് ശോധിപ്പൂ.

ദർഭാദ്യപ്പശുലൂമഗോഘൃതമസൂ-
രാബ്ഗോമയാദ്ഭിർഗ്ഗുഹേ
പാഥോമൃന്നിജകല്ക്കദർഭജലമ-
ധ്വാജ്യൈസ്സമാസൂരകൈഃ
വിഘ്നേ ശാസ്തരി സാംബുദർഭകുശമൃ-
ത്ത്വഗ്ഗവ്യകൈഃ ശാലിപി-
ഷ്ടാദ്ഭിശ്ച ക്രമതഃ സ്വമൂലമന്ത്രനാ
സ്വാസ്ത്രേണവാ ശോധയേത്. 32

Shripuram Publications
www.shripuram.org

ഗൃഹേ ദർഭാദ്യപ്പശ്രുല്യമഗോഘൃതമസൂരാബ്ഗോമയാദ്ഭിഃ = സുബ്രഹ്മണ്യങ്കൽ ദർഭമുഷ്ടിയും മണ്ണും തൊലികളും വെള്ളവും പശുവിന്റെ ബാലാഗ്രരോമവും നെയ്യും കടലപ്പൊടിയും വെള്ളവും ഗോമയജലവും ഇവറ്റേക്കൊണ്ടും, വിഘ്നേപാഥോമൃന്നിജകല്കദർഭജലമധ്വാജ്യൈഃ സമാസൂരകൈഃ = ഗണപതിയിങ്കൽ വെള്ളവും മണ്ണും തന്റെ തൊലികളും ദർഭമുഷ്ടിയും വെള്ളവും തേനും നെയ്യും കടലയ്ക്കാപ്പൊടിയും ഇവറ്റേക്കൊണ്ടും, ശാസ്തരിസാംബുദർഭകുശമൃത്ത്വഗ്ഗവ്യകൈഃ ശാലിപിഷ്ടാദ്ഭിഃ ച = ശാസ്താവിങ്കൽ വെള്ളവും ദർഭകളും കുശയും മണ്ണും തൊലികളും പഞ്ചഗവ്യവും നെല്ലുപൊടിച്ചതും വെള്ളവും ഇവറ്റേക്കൊണ്ടും, സ്വമൂലമന്തനാ സ്വാസ്ത്രേണ വാ ക്രമതഃ ശോധയേത് = തന്റെ മൂലമന്ത്രംകൊണ്ടുതാൻ തന്റെ അസ്ത്രംകൊണ്ടുതാൻ ബിംബത്തേ യഥായോഗ്യമാകുംവണ്ണം ശോധിപ്പൂ.

മൃദ്ഗനിശായവശാലീ
ഗോധൂമസുവർണജാനി ചൂർണാനി
സ്ഥാണൌ സ്വബിംബകലശാ-
ദ്യവഗന്തവ്യം മൃദാദി സർവേഷു. 33

സ്ഥാണൌ = ശിവങ്കൽ, മൃദ്ഗം = ചെറുപയറ്, നിശാ = മഞ്ഞൾ, യവം = അതുതന്നെ, ഗോധൂമം = ഗോതമ്പ്, സുവർണ്ണം = പൊന്ന്, ചൂർണ്ണാനി = ഇവ ഒക്കെയും പൊടിച്ചതു കൂട്ടിയതു പൊടികൾ, സർവ്വേഷു മൃദാദി സ്വബിംബകലശാത് അവഗന്തവ്യം = എല്ലാ ദേവന്മാരിലും മണ്ണുകൾ തൊലികൾ ഇത്യാദി തന്റെ ബിംബശുദ്ധികലശത്തുങ്കൽ പറയുന്നത് എടുത്തുകൊള്ളണം.

അഥാലംകൃത്യ ഗന്ധാദ്യൈഃ
കുര്യാന്നീരാജനം ശിവേ
വിഷ്ണ്വാദൌ നിജഹോമാന്തേ
വിഘ്നാദൌ കൌതുകാന്തതഃ. 35

അഥ ശിവേ ഗന്ധാദ്യൈഃ അലങ്കൃത്യനീരാജനം കുര്യാത് = ശോധനചെയ്താൽ ശിവങ്കൽ ഗന്ധപുഷ്പമാലകൾകൊണ്ട് അലങ്കരിച്ച നീരാജനത്തേ ഉഴിവൂ. വിഷ്ണ്വാദൌ നിജഹോമാന്തേ = വിഷ്ണുവിനും ദുർഗ്ഗയ്ക്കും സുബ്രഹ്മണ്യനും അക്ഷതഹോമംചെയ്ത് സമ്പാതസ്പർശനം ചെയ്താൽ നീരാജനം ഉഴിവൂ. വിഘ്നാദൌ = ഗണപതിക്കും ശങ്കരനാരായണനും ഇവിടെ കാപ്പുകെട്ടിയാലും ശാസ്താവിനു അലങ്കരിച്ചാലും നീരാജനത്തേ ഉഴിവൂ.

ഇനി അക്ഷതഹോമത്തേ പറയുന്നു.

Shripuram Publications
www.shripuram.org

അഗ്രേ/ഗ്നിം വിനിധായ തത്ര വിധിവദ്
വിഷ്ണൌ സദുർഗ്ഗാഗുഹേ
പ്രത്യേകം ശതശശ്ശമീദളമിള-
ദ്ഭിഃ സാജ്യകൈരക്ഷതൈഃ
സപ്തവ്യാഹൃതിഭിർജ്ജുഹോതു ജിനവ-
ർണ്ണേനാത്ര പൂർണ്ണാ ഹരൌ
സമ്പാതം പ്രതിമാംഗപൂർത്തിവിധയേ
പാദാദിഷു പ്രാർപ്പയേത്. 36

അത്ര സദുർഗ്ഗാഗുഹേ വിഷ്ണൌ = ഇവിടെ ദുർഗ്ഗയിങ്കലും സുബ്രഹ്മണ്യങ്കലും വിഷ്ണുവിങ്കലും, അഗ്രേ വിധിവദ് അഗ്നിം വിനിധായ = ബിംബാഗ്രഭാഗത്തുങ്കൽ കീറിത്തീയിട്ടു തലോടി വ്ളാകി പരിസ്തരിച്ച് ആജ്യസംസ്കാരവും അഗ്ന്യലങ്കാരവും പീഠപൂജാദി നിവേദ്യത്തോളവും ചെയ്ത് ചാൺചമത ഇട്ട് പ്രണവവ്യാഹൃതി മൂലാഷ്ടാജ്യാഹുതി പൂർണ്ണാഹുതി ചെയ്താൽ, ശമീളദളമിളദ്ഭിഃ സാജ്യകൈഃ അക്ഷതൈഃ = വഹ്നിയിലയും നെയ്യുംകൂട്ടി ഇളക്കിയിരിക്കുന്ന അക്ഷതങ്ങളേക്കൊണ്ടു, സപ്തവ്യാഹൃതിഭിഃ പ്രത്യേകം ശതശഃ ജുഹോതു = ഓം ഭൂഃസ്വാഹാ ഓം ഭുവഃ സ്വാഹാ ഓം സ്വഃ സ്വാഹാ ഓം മഹഃ സ്വാഹാ ഓം ജനഃസ്വാഹാ ഓം തപഃസ്വാഹാ ഓം സത്യം സ്വാഹാ ഈ സപ്തവ്യാഹൃതികളേക്കൊണ്ടു വെവ്വേറെ നൂറ്റെട്ടീതെ ഉരു ഹോമിപ്പൂ. ഇടയിൽ പൂർണ്ണാഹുതികളും ചെയ്തു സമ്പാതവും ഉണ്ടാക്കൂ. അത്ര ഹരൌ ജിനവർണ്ണേന പൂർണ്ണാ = ഇവിടെ വിഷ്ണുവിങ്കൽ പൂർണ്ണാഹുതിക്കു ഗായത്രി വേണം. പിന്നെ വ്യാഹൃതി പ്രണവാദിഹോമം മുടിച്ച് പ്രസന്നപൂജയും ചെയ്ത് ഉദ്വസിച്ച് വ്ളാകിയാരാധിപ്പൂ. പ്രതിമാംഗപൂർത്തിവിധയേ സമ്പാതം പാദാദിഷു പ്രാർപ്പയേത് = ബിംബത്തിന്റെ അവയവപൂരണത്തിന്നായിക്കൊണ്ട് ആ സംപാതത്തേ പാദാഗ്രത്തുങ്കലും മുട്ടുകളിലും ഗുഹ്യപ്രദേശത്തും നാഭിയിങ്കലും ഹൃദയത്തുങ്കലും ശിരസ്സിങ്കലും കേശഭാരത്തുങ്കലും വെവ്വേറെ. ദ്രവ്യഹോമാനന്തരം സ്പർശിപ്പൂ.

ഇനി കൌതുകബന്ധനത്തേ പറയുന്നു.

ഇഷ്ട്വാ ഗന്ധാദിഭിഃ കൌതുകമപി കലയേ-
ന്മൂലതോ വിഘ്നശർവ്വ-
ശ്രീശേ താരാദിഭിരുദ്ധോപചരണമനനോ-
ക്താഹുതേഃ പ്രാക് കുമാരേ
ചണ്ഡ്യാം ചക്രേണ വോർദ്ധ്വം മുരഭിദി ജലവാ-

Shripuram Publications
www.shripuram.org

സോദ്ധൃതൌ സോപചാരേ-
ണാഷ്ടാർണ്ണേനാര്യകേ പ്രാങ് നിജകലശവിധേർ-
ബീജമന്ത്രേണ മന്ത്രീ. 37

വിഘ്നശർവശ്രീശേ ഗന്ധാദിഭിഃ ഇഷ്ട്വാ മൂലതഃ കൌതുകം കലയേത് = ഗണപതിയിങ്കലും ശങ്കരനാരായണങ്കലും ശോധന കഴിഞ്ഞാൽ ഗന്ധപുഷ്പാദികളേക്കൊണ്ട് അലങ്കരിച്ച് കൌതുകത്തേ മൂലംകൊണ്ടു കെട്ടൂ. കുമാരേ ഉക്താഹൃതേഃ പ്രാക് താരാദിരുദ്ധോപചരണമനനാ = സുബ്രഹ്മണ്യന് അക്ഷതഹോമത്തിനു മുമ്പിൽ അലങ്കരിച്ച് പ്രണവപുടിതമായിരിക്കുന്ന ഉപചാരംകൊണ്ട് കൌതുകത്തേ ബന്ധിപ്പൂ. ചണ്ഡ്യാം ഉക്താഹൃതേഃ ഊർദ്ധ്വം വാ ചക്രേണ = ദുർഗ്ഗയിങ്കൽ അക്ഷതഹോമത്തിനുമുമ്പിലും അക്ഷതഹോമം കഴിഞ്ഞാലും രണ്ടു പ്രകാരവും സുദർശനംകൊണ്ടു ബന്ധിപ്പൂ. മുരഭിദി ജലവാസോദ്ധൃതൌ സോപചാരേണ അഷ്ടാർണ്ണേന = വിഷ്ണുവിങ്കൽ ജലാധിവാസത്തുങ്കൽനിന്നു ബിംബം എടുത്ത് ഭൂതസൃഷ്ട്യാദി ചെയ്താൽ അലങ്കരിച്ച് ഉപചാരവും അഷ്ടാക്ഷരവുംകൂട്ടി കൌതുകബന്ധനത്തേച്ചെയ്‌വൂ. ആര്യകേ നിജകലശവിധേഃ പ്രാക് ബീജമന്ത്രേണ = ശാസ്താവിങ്കൽ ബിംബശുദ്ധികലശമാടുന്നതിനു മുമ്പിൽ പന്ത്രണ്ടാംപടലത്തിൽ പറയുന്ന ബീജമന്ത്രംകൊണ്ട് കൌതുകത്തേ ബന്ധിപ്പൂ.

സ്ഥിത്വാ പ്രാർത്ഥ്യ നമസ്ത ഇത്യണുയുജാ
ദർഭാഗ്രഗർഭാഞ്ജലിഃ
ക്ഷൌമക്ഷിപ്തസമുക്തസർഷപസുവ-
ർണ്ണോർജസ്വലം കൌതുകം
ഊർണ്ണാസൂത്രസിതം സുവർത്യ പരിജ-
പ്യ സ്വാണുനാ സപ്തധാ
സ്വാംഗുഷ്ഠോപകനിഷ്ഠികാംഗുലിയുജാ
ബധ്നാതു ബാഹ്വുത്തമേ. 38

കാപ്പുകെട്ടുവാൻ നീരാജനമുഴിഞ്ഞാൽ സ്ഥിത്വാ ദർഭാഗ്രഗർഭാഞ്ജലിഃ = എഴുന്നേറ്റുനിന്നു രണ്ടുകൈയിലും ദർഭാഗ്രങ്ങളേ എടുത്ത്, നമസ്ത ഇത്യണുയുജാ പ്രാർത്ഥ്യ = 'നമസ്തേഽർച്ചേസുരേശാനി' ഇത്യാദി രണ്ടു കൊണ്ടും പ്രാർത്ഥിച്ച്, ക്ഷൌമക്ഷിപ്തസമുക്ത സർഷപസുവർണ്ണോർജസ്വലം ഊർണ്ണാസൂത്രസിതം കൌതുകം = ഒരു പട്ടിന്റെ ഖണ്ഡത്തിൽ ഒരു മുത്തും കടുകും പൊന്നിന്റെ ശകലവുംവച്ച് കരിമ്പടത്തിന്റെ ചരടു കൊണ്ടു കെട്ടിയിരിക്കുന്ന കാപ്പുകെട്ടുവാനുള്ളതിനേ എടുത്ത്, സ്വാണു

www.shripuram.org
Shripuram Publications
www.shripuram.org

നാ പരിജപ്യ സപ്തധാ സുവർത്യ = തനിക്കു തനിക്കുള്ള മന്ത്രം ജപിച്ച് ഏഴുപ്രാവശ്യം പിരിച്ച്, സാംഗുഷ്ഠോപകനിഷ്ഠികാംഗുലിയുജാ = പെരുവിരലും മോതിരവിരലുംകൊണ്ടു പിരിച്ച്, ബാഹൂത്തമേ ബധ്നാതു = ബിംബത്തിന്റെ വലത്തേ കൈയിന്മേൽ കെട്ടു.

'നമസ്തേഽർച്ചേ സുരേശാനി പ്രതീകേ വിശ്വകർമ്മണഃ
പ്രഭാവിതാശേഷജഗദ്ധാത്രി തുഭ്യം നമോ നമഃ.
ത്വയി സംപൂജയാമീശം നാരായണമനാമയം
രഹിതാ യോനിദോഷൈസ്ത്വമൃദ്ധിയുക്താ സദാ ഭവ.'

ഇതു രണ്ടും വിഷ്ണുവിങ്കലേ പ്രാർത്ഥനാമന്ത്രം.
ശങ്കരനാരായണങ്കൽ-

'ത്വയി സമ്പൂജയാമീശൌ ശംഭുനാരായണൌ സദാ.'

ഇങ്ങനെ രണ്ടാം മന്ത്രത്തിന്റെ ആദിക്കു ഭേദം.

'ഇത്യാദിതത്തത്കല്പോക്തഭിദയാഽത്ര മന്തം പഠേത്.'

ഇങ്ങനെ അതാതു ദേവന്മാരുടെ ആഗമങ്ങളിൽ പറയുന്ന ഭേദത്തേ അറിഞ്ഞ് പ്രാർത്ഥനാമന്ത്രത്തേ അതതു ദേവന്മാരുടെ നാമങ്ങൾ കൂട്ടി പ്രാർത്ഥനാമന്ത്രം ചൊല്ലൂ.

ദുർഗ്ഗയിങ്കൽ-

'നമസ്തേഽർച്ചേ സുരേശാനി വിശ്വാവാസേ സുരാരിണി
പ്രഭാവിതാശേഷജഗദ്ധാത്രി! തുഭ്യം നമോ നമഃ.
ത്വയി സംപൂജയാമീശേ ദേവീം നാരായണീം സദാ
രഹിതേത്യാദിരൂപോഽത്ര ദുർഗ്ഗോപസ്ഥാനമന്ത്രതഃ.'

ദുർഗ്ഗയുടെ പ്രാർത്ഥനാമന്ത്രത്തുങ്കൽ 'രഹിതാ യോനിദോഷൈസ്ത്വം' ഇത്യാദി കൂട്ടിച്ചൊല്ലൂ.

അനന്തരം ജലാധിവാസത്തേ പറയുന്നു.

അർച്ചാമഥാവേഷ്ട്യ സദർഭവസ്ത്രൈ
രാരോപ്യ മന്ത്രീ നിപുണം രഥാദൌ
ഛത്രധ്വജാദ്യൈർബഹുവാദ്യഹൃദ്യം
ജലാധിവാസായ നയേച്ച തീർത്ഥം. 39

അഥ മന്ത്രീ സദർഭവസ്ത്രൈഃ അർച്ചാം ആവേഷ്ട്യ = പിന്നെ ആചാര്യൻ വസ്ത്രങ്ങളേക്കൊണ്ട് ബിംബത്തേ മൂടി പുൽക്കയറുകൊണ്ടു കെട്ടി,

Shripuram Publications
www.shripuram.org

രഥാദൌ നിപുണം ആരോപ്യ = തേരിന്റെ മുകളിൽതാൻ പല്ലക്കിൽ താൻ നല്ലവണ്ണം കരേറ്റി, ഛത്രദ്ധ്വജാദ്യൈഃ ബഹുവാദ്യഹൃദ്യം ജലാധിവാസായ തീർത്ഥം നയേത് = വിളക്കും വാദ്യഘോഷങ്ങളും കൊട, കൊടി, തഴ ഇത്യാദികളോടുംകൂടി ജലാധിവാസത്തിന്നായിക്കൊണ്ടു തീർത്ഥത്തിന്റെ സമീപത്തേയ്ക്കു മംഗലസൂക്തവും സ്വസ്തികസൂക്തവും ജപിച്ച് ബിംബത്തേക്കൊണ്ടുപോവൂ.

തീരേ/വതാര്യ സലിലം സകളീകൃതാത്മാ
സംശോധ്യ തത്ര വരുണം പരിപൂജ്യ ദേവം
തന്മന്ത്രതശ്ച പരിജപ്യ ച വാരുണാദ്യം
കൃത്വാ/ത്രബോധിഫലകം പ്രയജേത പീഠം. 40

തീരേ അവതാര്യ = ബിംബത്തേ തീർത്ഥത്തിന്റെ സമീപത്ത് ഇറക്കിയാൽ സകളീകൃതാത്മാ = ദേഹശുദ്ധിശംഖപൂരണാത്മാരാധനകളേ ചെയ്യ്, സലിലം സംശോധ്യ = വെള്ളത്തിൽ പീഠപൂജയും ശോഷണാദിയും ചെയ്യ്, തത്ര വരുണം ദേവം ച തന്മന്ത്രതഃ പരിപൂജ്യ = വെള്ളത്തിൽ വരുണനേയും ദേവനേയും തത്തന്മന്ത്രംകൊണ്ട് ആവാഹിച്ച പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയേച്ചെയ്‌വൂ. "വം വരുണായ നമഃ' എന്ന മൂലം.

'ആയാതു വരുണഃ ശീഘ്രം പ്രാണിനാം പ്രാണരക്ഷകഃ
അതുല്യബലവന്നത്ര സർവദുഷ്ടപ്രശാന്തയേ.'

എന്ന ഉപചാരം. വാരുണാദ്യം പരിജപ്യ = "അവതേ ഹേഡ' എന്നും, 'ഉദുത്തമം' എന്നും "ഇമം മേ വരുണ' എന്നും 'തത്ത്വായാമി' എന്നും 'ത്വന്നോ അഗ്നേ' എന്നും ഈ പഞ്ചവാരുണത്തേ തൊട്ടു ജപിച്ച്, അത്ര ബോധിഫലകം കൃത്വാപീഠം പ്രയജേത. ഈ വെള്ളത്തിൽ അരയാലുകൊണ്ടുള്ള പലകയേവച്ച പീഠത്തേ പൂജിപ്പൂ.

ഹ്ളാമാദിസ്വസ്വബീജോർദ്ധ്വഗതനതിപരാ-
യാക്ഷരോദ്യത്പൃഥിവ്യാ-
ദ്യാഖ്യോദ്ഭിന്നാത്മനേ ഹും ഫഡിതി മനുമദീ-
ര്യാസുമുദ്ഘാതവൃത്ത്യാ
ആയമ്യാനേന ഹുംഫട്പദകൃതനമസോ-
ദ്വ്യാപ്യ ഹൃത്വാ ധാരാദ്യം
ജ്യോതീരൂപാം ധ്രുവേണ പ്രതികൃതിമുദകേ
വാസയേത് പ്രാക്ഛിരസ്കാം. 41

ഹ്ളാമാദിസ്വസ്വബീജോർദ്ധ്വഗതനതിപരായാക്ഷരോദ്യത്പൃഥി

www.shripuram.org
Shripuram Publications
www.shripuram.org

വ്യാദ്യാഖ്യോദ്ഭിന്നാത്മനേ ഹും ഫട് ഇതി മന്ത്രം ഉദീര്യ = ഹ്ലാം, ഹ്വീം, ഹ്രൂം, ഹൈ്യം, ഹൌം ഈ ബീജങ്ങളുടെ മുകളിൽ ഗതമായിരിക്കുന്ന 'നമഃ പരായ' എന്ന അക്ഷരവും പൃഥിവ്യപ്തേജോവായ്വാകാശങ്ങളും 'ആത്മനേ ഹും ഫട്' 'ഓം ഹ്ലാന്നമഃ പരായ പൃഥിവ്യാത്മനേ ഹുംഫട്' ഓം ഹ്വീം നമഃ പരായ അബാത്മനേ ഹുംഫട്' 'ഓം ഹ്രൂം നമഃ പരായ തേജാത്മനേ ഹുംഫട്', 'ഓം ഹൈ്യം നമഃ പരായ വായ്വാത്മനേ ഹുംഫട്', 'ഓം ഹൌം നമഃ പരായ ആകാശാത്മനേ ഹുംഫട്' ഇങ്ങനെ പഞ്ചഭൂതമന്ത്രങ്ങളേ ചൊല്ലി, ഉദ്ഘാതവൃത്ത്യാ അസും ആയമ്യ - നൂറ്റിയിരുപത്തിയഞ്ച്, നൂറ്, എഴുപത്തിയഞ്ച്, അമ്പത്, ഇരുപത്തിയഞ്ച് ഇങ്ങനെ പ്രാണായാമങ്ങളേയും ചെയ്ത്, ഹും ഫട് പദകൃതനമസാ അനേന ഉദ്വ്യാപ്യ - ഹും ഫട് എന്നുള്ളേടത്തു നമഃ എന്നുകൂടി ഇടയിൽ പാദാഗ്രനാഭിഹൃദയകണ്ഠതാലു ദേശാവധികളായി വ്യാപകങ്ങളേയും ചെയ്ത്, ധരാദ്യം ഹൃത്വാ = പൃഥിവ്യാദി പഞ്ചഭൂതങ്ങളേ സംഹരിച്ച് ശോഷണദഹനങ്ങളേയും ചെയ്ത്, ജ്യോതീരൂപാം പ്രതികൃതിം പ്രാക്ശിരസ്കാം ഉദകേ വാസയേത് = തേജോരൂപമായിരിക്കുന്ന ബിംബത്തേ കിഴക്കോട്ടു തലവരുമാറു വെള്ളത്തിൽ പൂജിച്ച് പലകമേൽ കിടത്തു.

രക്ഷാം കൃത്വാ പഞ്ചമന്ത്രൈഃ സമന്താത്
[1]സ്വാസ്ത്രൈർദിക്പാംസ്തദ്ബഹിഃ സംവിഭാവ്യ
ദീപാനഗ്നിം ജാഗരൂകാംശ്ച പുംസ
സ്തത്രാരക്ഷേത് സ്ഥാപയിത്വാ ത്രിരാത്രം. 42

പഞ്ചമന്ത്രൈഃ സമന്താത് രക്ഷാം കൃത്വാ = പഞ്ചതത്ത്വങ്ങളേക്കൊണ്ടു നാലുദിക്കുകളിലും നടുവിലും പൂവാരാധിച്ചു രക്ഷയേ കല്പിച്ച്, തദ്ബഹിഃ സ്വാസ്ത്രൈഃ ദിക്പാൻ സംവിഭാവ്യ = അതിന്റെ പുറത്തേ അഷ്ടദിക്പാലന്മാരേയും വജ്രാദിതദായുധങ്ങളേയും ആരാധിച്ച് കല്പിച്ച്, ദീപാൻ അഗ്നിം ജാഗരൂകാൻ പുംസഃ ച തത്ര സ്ഥാപയിത്വാ = വിളക്കുകളേയും തീയിനേയും ഉറങ്ങാതെയിരിക്കുന്ന കാവൽക്കാരേയും നിർത്തി കാവലുമാക്കി, ത്രിരാത്രം ആരക്ഷേത് = മൂന്നു ദിവസം മുഴുവൻ ഇങ്ങനെ രക്ഷിക്കണം. ഇങ്ങനെ ജലാധിവാസക്രിയാ.

അനന്തരം പ്രാസാദശുദ്ധിയേ പറയുന്നു.

പ്രാസാദം പരിഗൃഹ്യ കാരുകരതഃ
കർത്താ ഗുരുഃ പ്രാർപ്പിതം
പര്യേത്യ പ്രയതോഽഥ രാത്രിസമയേ

1. 'സാസ്ത്രൈ' എന്നു പാഠഭേദം.

www.shripuram.org
Shripuram Publications
www.shripuram.org

സംഗൃഹ്യ സംശോദ്ധ്യ ച
ഏതദ്ദക്ഷിണതോ നിഷദ്യ സകളീ-
കൃത്യാർച്ചിതാത്മാ/ഗ്രതോ
വിഘ്നേശം പ്രസമർച്ച്യ ബീജമന്തുനാ
നിർവിഘ്നതാം പ്രാർത്ഥയേത്. 43

പ്രയതഃ ഗുരുഃ രാത്രിസമയേ = സ്നാനാദികൾചെയ്ത് ശുദ്ധനായിരിക്കുന്ന ആചാര്യൻ സന്ധ്യകഴിഞ്ഞാൽ രാത്രിയിൽ, കർത്രാ കാരുകരതഃ പരിഗൃഹ്യ പ്രാർപ്പിതം പ്രാസാദം = യജമാനനാൽ കാരുവിന്റെ കൈയിൽനിന്നു വാങ്ങിച്ച് ആചാര്യാധീനമാക്കിക്കൊടുത്തിരിക്കുന്ന പ്രാസാദത്തേ, സംഗൃഹ്യ = ദർഭപാണിയായി പ്രതിഗ്രഹിച്ചിട്ട്, സംശോദ്ധ്യ പര്യേത്യ ച = എല്ലാടവും അടിച്ചുതളിച്ചു ശുദ്ധിവരുത്തി പ്രദക്ഷിണമായിവന്ന് ലക്ഷണങ്ങളേനോക്കിക്കണ്ട്, ഏതദ്ദക്ഷിണതഃ നിഷദ്യ സകളീകൃത്യ അർച്ചിതാത്മാ = പ്രാസാദത്തിന്റെ തെക്കുഭാഗത്ത് ഇരുന്ന് ദേഹശുദ്ധിയും ശംഖപൂരണവും ആത്മാരാധനയും ചെയ്ത്, അഗ്രതഃ ബീജമന്തുനാ വിഘ്നേശം പ്രസമർച്ച്യ = മുമ്പിൽ സ്വസ്തികത്തിൽ 'ഗംനമഃ' എന്നു ബീജമന്ത്രംകൊണ്ടു ഗണപതിയേ ആവാഹിച്ചു പൂജിച്ചു പ്രസന്നപൂജാന്തം ചെയ്ത്, നിർവിഘ്നതാം പ്രാർത്ഥയേത് = നിർവിഘ്നമസ്തു എന്നു പ്രാർത്ഥിപ്പൂ.

തതഃ സമാസ്തീർണ്ണകുശേഷു സാദിതം
ത്രിസൂത്രകാദ്യക്ഷതസൂനപശ്ചിമം
വിശോധിതം ധാരണയാ ധ്രുവാർച്ചിതം
പരാമൃശേത് സ്വൈർമനുഭിർയഥാക്രമം. 44

തതഃ സമാസ്തീർണ്ണകുശേഷു സാദിതം = പിന്നെ വടക്കുഭാഗത്ത് പുല്ലുവിരിച്ച് തങ്കൽചാതിക്ക. ത്രിസൂത്രകാദി അക്ഷതസൂനപശ്ചിമം = പൂണുനൂലുതുടങ്ങി ഗന്ധപുഷ്പാക്ഷതം അവസാനമായിട്ടുള്ളവറ്റകളേ, ധാരണയാ വിശോധിതം = തളിച്ചു രക്ഷിച്ച് ശോഷണാദികളേക്കൊണ്ടു ശുദ്ധിചെയ്ത്, ധ്രുവാർച്ചിതം = പ്രണവംകൊണ്ടു പൂജിച്ച്, യഥാക്രമം സ്വൈഃ മനുഭിഃ പരാമൃശേത് = ക്രമേണ ത്രിസൂത്രാദികളെ തന്റെ തന്റെ മന്ത്രംകൊണ്ടു തൊട്ടു ജപിപ്പൂ.

സൂത്രം പ്രാക് ത്രിവൃതം കുശസ്രജമഥോ
മുഷ്ട്യാ ശകൃദ്വാരി വാ
പശ്ചാത് സർഷപമുഷ്ടി ഗോമയജലം
ഗവ്യം ക്രമാത്തത്പരം

www.shripuram.org
Shripuram Publications
www.shripuram.org

കുര്യാദ്വാ വികിരം സമുഷ്ടികമഥോ
ഗന്ധാംബു പുഷ്പാക്ഷതം
ദർഭാഗ്രാന്വിതമന്തതോ വികിരവാ-
പേ/ന്തേ തു തത്സാദനം. 45

പ്രാക് ത്രിവൃതം സൂത്രം = മുമ്പിൽ മൂന്നിഴക്കൂട്ടിയ നൂലും അഥോ കുശ സ്രജം = പിന്നെ ദർഭകൊണ്ടു പിരിച്ച മാലയേയും മുഷ്ട്യാ ശകൃദ്വാരി വാ = പിന്നെ മുഷ്ടിയോടുകൂടിയ ചാണകവെള്ളത്തേ വികല്പിച്ചിട്ടും, പശ്ചാത് സർഷപമുഷ്ടിഗോമയജലം = പിന്നെ കടുകും മുഷ്ടിയും ചാണകവെള്ള ത്തേയും, ഗവ്യം ച = പഞ്ചഗവ്യത്തേയും, തത്പരം ക്രമാത് സമുഷ്ടികം വികിരം വാ = പിന്നെ മുഷ്ടിയോടുകൂടിയ വികിരത്തേയും വികല്പമായി ട്ടും, അഥോ ഗന്ധാംബു പുഷ്പാക്ഷതം ദർഭാഗ്രാന്വിതം = പിന്നെ അഷ്ട ഗന്ധജലത്തേയും ഗന്ധപുഷ്പാക്ഷതദർഭാഗ്രങ്ങളേ ഒന്നായിട്ടും, കുര്യാത് = ചാതിക്കണം. അന്തതഃ വികിരവാപേ തു തത്സാദനം ച = ഒടുക്കം വികിരത്തേ ഇടുന്ന പക്ഷത്തുങ്കൽ ഒടുക്കം വികിരത്തേ മാത്രം വയ്ക്കൂ. അ പ്പോൾ മുഷ്ടിയില്ല.

തൊട്ടുജപിപ്പാനുള്ള മന്ത്രങ്ങളേ പറയുന്നു.

വ്യസ്താവ്യസ്തനിരഞ്ജനം ത്രിഗുണദാ-
മ്നോര്യം ത്രിമുഷ്ട്യാം ശകൃ-
ത്തോയേ വം സിതസർഷപേ രമഥവാ
സൈംഹം ഹരൌ മന്ത്രവിത്
ഗവ്യേ പഞ്ച ജപേന്മനൂൻ വികിരകാ-
ദ്വേഷു സ്വമൂലം ഹരാ-
വക്കാർണം വികിരേ ത്രിതത്ത്വഷു തന്ത-
ത്രം ഗവ്യമന്വസ്തകം. 46

ത്രിഗുണദാമ്നോഃ വ്യസ്താവ്യസ്തനിരഞ്ജനം = മുന്നൂലിന്നു വെവ്വേറേയു ള്ള പ്രണവം അം ഉം മം എന്നും പുല്ക്കയറിനു പ്രണവംതന്നെയും, ത്രിമു ഷ്ട്യാംയം = മൂന്നു മുഷ്ടിക്കും യം എന്നും, ശകൃത്തോയേ വം = ചാണക വെള്ളം രണ്ടിനും വം എന്നും, സിതസർഷപേ രം = വെളുത്ത കടുകിനു രം എന്നും, അഥവാ ഹരൌ സൈംഹം = എന്നിയേ വിഷ്ണുവിങ്കൽ കടു കിന്നു നരസിംഹബീജമായ ക്ഷ്രൌം എന്നും ആം. ഗവ്യേ പഞ്ച മനൂൻ = പഞ്ചഗവ്യത്തിന് പഞ്ചതത്ത്വങ്ങളേയും, വികിരകാദ്യേഷു സ്വമൂലം = വികിരം തുടങ്ങി മൂന്നിന്നും തന്റെ തന്റെ മൂലത്തേയും, ഹരൌ വികി രേ അർക്കാർണം = വിഷ്ണുവിങ്കൽ വികിരത്തിന്നു ദ്വാദശാക്ഷരത്തേയും,

Shripuram Publications
www.shripuram.org

ത്രിതത്തുഷു കൃതസത്രം (?തന്ത്രം) വാ = മുന്നുലിന കവചമന്ത്രത്തേയും, ഗവ്യമന്ത്ര അസ്ത്രകം ച വാ ജപേത് = പഞ്ചഗവ്യത്തിന്റെ അസ്ത്രകത്തേയും ജപിക്കിലുമാം.

ദത്വാ ധേനൂർദ്വിജേഭ്യോ ദ്വിരദവദനമു-
ദ്വാസ്യ തദ്ദേവതാത്മാ
സ്ഥിത്വാ ദ്വാരോപകണ്ഠേ വിഭുസദനമദഃ-
പ്രേക്ഷ്യ ദൃഷ്ട്യാസ്ത്രമയ്യാ
ഫട്കാരാന്തേന താരേണ ച ചുളുകഭൃതൈ-
രഷ്ടതാരാഭിജപ്തൈഃ
പാഥോഭിഃ പ്രോക്ഷ്യ രക്ഷഃപ്രകരമിഹ കൃതാ-
വാസമുത്സാരയേച്ച. 47

ദ്വിജേഭ്യഃ ധേനൂഃ ദത്വാ = പിന്നെ ബ്രാഹ്മണർക്കായിക്കൊണ്ടു പശുദാനങ്ങളേച്ചെയ്തു്, ദ്വിരദവദനം ഉദ്വാസ്യ = ഗണപതിയേ ഉദ്വസിച്ച്, തദ്ദേവതാത്മാ = അവിടത്തേ ദേവന്റെ ദേഹശുദ്ധിയേ ചെയ്തു് ദേവസ്വരൂപനായിട്ട്, ദ്വാരോപകണ്ഠേ സ്ഥിത്വാ = പ്രാസാദത്തിന്റെ നടയിൽനിന്ന്, അസ്ത്രമയ്യാ ദൃഷ്ട്യാ അദഃ വിഭുസദനം പ്രേക്ഷ്യ = അസ്ത്രമന്ത്രം ജപിച്ചു പ്രാസാദത്തേ നോക്കി, ഫട്കാരാന്തേന താരേണ = ഓം ഫട് എന്നു ജപിച്ച്, അഷ്ടതാരാഭിജപ്തൈഃ ചുളുകഭൃതൈഃ പാഥോഭിഃ പ്രോക്ഷ്യ = ഉള്ളംകൈയിൽ വെള്ളമെടുത്ത് എട്ടുരു പ്രണവം ജപിച്ച് പ്രാസാദത്തേ തളിച്ച്, ഇഹ കൃതാവാസം രക്ഷഃപ്രകരം ഉത്സാരയേത് ച = ഈ പ്രാസാദത്തുങ്കൽ വസിച്ചിരിക്കുന്ന ഭൂതസമൂഹത്തേ പുറത്തു മാറ്റിക്കളഞ്ഞെന്നു സങ്കല്പിച്ച് അസ്ത്രംകൊണ്ടു രക്ഷിപ്പൂ.

ഈശാദീശദിഗന്തിമം ഗുണകുശ-
സ്രഗ്ഭ്യാം കപോതോപരി
പ്രാസാദം പരിവേഷ്ട്യദിഷ്ടമനനാ
മുഷ്ട്യാദ്യയാ/ന്തർബഹിഃ
സമ്മൃജ്യ പ്രസമുക്ഷ്യ ഗോമയജലാൻ[2]
പ്രോൽകീര്യ സിദ്ധാർത്ഥകാൻ
മാർജന്യം പരിമൃജ്യ സിഞ്ചതു ശകൃ-
ത്തോയേന ഗവ്യേന ച. 48

2. 'ഗോമയജലേനോൽകീര്യ' എന്നു പാഠാന്തരം.

Shripuram Publications
www.shripuram.org

ഈശാദ് ഈശദിഗന്തിമം കപോതോപരി = ഈശകോണിൽ തുടങ്ങി ഈശകോണിൽ കഴിയുമാറ് പ്രദക്ഷിണമായിട്ട് ഭിത്തിയുടെ മുകളിലേ കപോതത്തിന്റെ മേൽ, ഗുണകുശസ്രഗ്ഭ്യാം പ്രാസാദം പരിവേഷ്യ = മുന്നൂലുകൊണ്ടും ദർഭമാലകൊണ്ടും പ്രാസാദത്തേ ചുറ്റിക്കെട്ടിയാൽ, ദിഷ്ടമന്ത്രനാ = ജപിക്കാൻ പറഞ്ഞ അതാതു മന്ത്രങ്ങളേക്കൊണ്ട്, ആദ്യയാ മുഷ്ട്യാ അന്തഃ ബഹിഃ ച സമ്മൃജ്യ = മുമ്പിലത്തേ മുഷ്ടികൊണ്ട് ഗർഭഗൃഹത്തിലും ഇടനാഴിയിലും പുറത്തും അടിച്ച്, ഗോമയജലാൻ പ്രസമുക്ഷ്യ = ചാണകവെള്ളം തളിച്ച്, സിദ്ധാർത്ഥകാൻ പ്രോത്കീര്യ = കടുകിനേ വിതറി, മാർജന്യാ പരിമൃജ്യ = പിന്നെയും മുഷ്ടികൊണ്ട അടിച്ച്, ശകൃതോയേന ഗവ്യേന ച സിഞ്ചതു = ചാണകവെള്ളംകൊണ്ടും പഞ്ചഗവ്യംകൊണ്ടും എല്ലാടവും തളിപ്പൂ.

ത്രേധാ ച പ്രവികീര്യ തത്ര വികിരാൻ
സമ്മൃജ്യചാപോണ്മനാ
വോക്ഷേദ് ഗന്ധജലൈഃ കിരേത് പുനരിഷേ-
ത്വേത്യാദിനാ വാ/ക്ഷതൈഃ
ധൂപം ദീപമപി പ്രകല്പ്യ പരിതോ-
മൂലേന ഗർഭാലയേ/
ഥേശേ/ഗ്നാവനിലേ/ഥവാ/സ്ത്രമുദകും-
ഭേ/ധോ/ഗ്രകൂർച്ചേ/ർച്ചയേത്. 49

തത്ര ത്രേധാ ച വികിരാൻ പ്രവികീര്യ സമ്മൃജ്യ ച = അവിടെ നടയിൽനിന്ന് അഞ്ജലികൊണ്ട വികിരങ്ങളെ മൂന്നപ്രാവശ്യം നടുവിലും വലത്തും ഇടത്തും വിതറി അകത്തും പുറത്തും വിതറി, ആപോ/ണ്മനാ വാ ഗന്ധജലൈഃ ഉക്ഷേത് = ആപോഹിഷ്ഠാദികൊണ്ടുതാൻ മൂലംകൊണ്ടുതാൻ ജപിച്ച് അഷ്ടഗന്ധജലംകൊണ്ട് എല്ലാടവും തളിച്ച, പുനഃ ഇഷേത്വേത്യാദിനാ വാ അക്ഷതൈഃ കിരേത് = 'ഇഷേത്വോർജേ ത്വാ' ഇത്യാദികൊണ്ടുതാൻ ഗന്ധപുഷ്പാക്ഷതങ്ങളേ വിതറൂ. മൂലേന ഗർഭാലയേ പരിതഃ ധൂപം ദീപം അപി പ്രകല്പ്യ = പിന്നെ മൂലംകൊണ്ട ഗർഭഗൃഹത്തുങ്കൽ ചുറ്റും ധൂപത്തേയും ദീപത്തേയും കാട്ടി, അഥ ഈശേ അഗ്നൌ അനിലേ വാ അധോ/ഗ്രകൂർച്ചേ ഉദകുംഭേ അസ്ത്രം അർച്ചയേത് = ഈശകോണിൽ താനഗ്നികോണിൽതാൻ വായുകോണിൽതാൻ സ്വസ്തികത്തിൽ പീഠപൂജാദിചെയ്തു കലശം പൂജിച്ച കീഴ്പോട്ട കൂർച്ചം ന്യസിച്ച് വെള്ളം നിറച്ച് തന്റെ തന്റെ അസ്ത്രത്തേ ആവാഹിച്ച പൂജിപ്പൂ.

Shripuram Publications
www.shripuram.org

ഈശേശാജിതവിഘ്നശാസ്തൃഷു സദ-
ർഭബ്രഹ്മശാഖാകൃതാ

മുഷ്ടിഃ സൈവ ഗുഹേ സപിപ്പലശിഖാ-
ശാഖാശലാകാകൃതാ
ദുർഗ്ഗാശാർങ്ഗഭൃതോസ്സഹാശ്രിതശലാ-
കാദർഭസന്ദർഭിതാ
ശാർങ്ഗീശേ ദ്വിജശാഖയാ പ്രകലിതാ
വിഷ്ണ്വദിതാ വാ ഭവേത്. 50

ഈശേശാജിതവിഘ്നശാസ്തൃഷു സദർബ്ഭമശാഖാകൃതാ മുഷ്ടിഃ = ശിവങ്കലും ശങ്കരനാരായണങ്കലും ഗണപതിയിങ്കലും ശാസ്താവിങ്കലും പുല്ലും പ്ലാശ്ശുംകുഴയും കൂടി കെട്ടിയതു മുഷ്ടി. ഗുഹേ സപിപ്പലശിഖാശാഖാശലാകാകൃതാ സൈവ = സുബ്രഹ്മണ്യങ്കൽ അരയാൽക്കുഴയും പച്ചീർക്കിലും ദർഭകളും പ്ലാശ്ശുങ്കുഴയും കൂടിയതു മുഷ്ടി. ദുർഗ്ഗാശാർങ്ഗഭൃതോഃ സഹാശ്രിതശലാകാദർഭ സന്ദർഭിതാ = ദുർഗ്ഗയിങ്കലും വിഷ്ണുവിങ്കലും പൂവാങ്കുറുന്തലും പച്ചീർക്കിലും (ദർഭയും) കൂടിയതു മുഷ്ടി. ശാർങ്ഗീശേ ദ്വിജശാഖയാ പ്രകലിതാ വാ വിഷ്ണ്വദിതാ വാ മുഷ്ടിഃ ഭവേത് = ശങ്കരനാരായണങ്കൽ വിഷ്ണുവിങ്കലേപ്പോലെയും അതിൽ പ്ലാശ്ശുംകുഴ കൂട്ടീട്ടും താൻ മുഷ്ടിഭവിക്കും.

ചക്രം ചക്രിനിസുംഭജിദ്ധരിഹരേഽ-
ഘോരം ഗണേശേശ്വരേ
സ്യാദ്വാ പാശുപതം തദന്വിതരഥാം-
ഗം വാഽസ്ത്രമീശാച്യുതേ
ജ്വാലാമാലിനിഹും ജ്വാലാദിഘ്വണിഹും
ഫട് ചേതി സങ്കീർത്തിതേ
അസ്ത്രേ ശക്തിധരാര്യയോഃ സ്വലിപിക്ലൃ-
പ്താംഗേ തഥാഽംഗാക്ഷരേ. 51

ചക്രിനിസുംഭജിദ്ധരിഹരേ ചക്രം അസ്ത്രം = വിഷ്ണുവിങ്കലും ദുർഗ്ഗയിങ്കലും ശങ്കരനാരായണങ്കലും സുദർശനം അസ്ത്രം, ഗണേശേശ്വരേ അഘോരം പാശുപതം വാ സ്യാത് = ഗണപതിയിങ്കലും ശിവങ്കലും അഘോരമന്ത്രം താൻ പാശുപതമന്ത്രം താൻ അസ്ത്രം ഭവിക്കും. ഈശാച്യുതേ തദന്വിതരഥാംഗം വാ = ശങ്കരനാരായണങ്കൽ പാശുപതവും സുദർശനവും കൂടീട്ടും അസ്ത്രമാം. ശക്തിധരാര്യയോഃ ജ്വാലാമാലിനിഹും ജ്വാലാദിഘ്വണിഹും ഫട് ച = സുബ്രഹ്മണ്യങ്കൽ ജ്വാലാമാലിനിഹും എന്നും ശാസ്താവിങ്കൽ ജ്വലഘ്വണി ഹും ഫട് എന്നും, അംഗാക്ഷരേ സ്വലിപിക്ലൃപ്താംഗേ = ആറ് അക്ഷരങ്ങളോടുകൂടീട്ട്, തന്റെ അക്ഷരങ്ങളേക്കൊണ്ട് അംഗബീജങ്ങളോടുകൂടീട്ട് അസ്ത്രേ സങ്കീർത്തിതേ = അസ്ത്രമന്ത്രങ്ങൾ പ

www.shripuram.org
Shripuram Publications
www.shripuram.org

റയപ്പെട്ടിരിക്കുന്നു.

ഗർഭാലയേ/ഭ്യർച്ചിതദർഭകേ/ത്ര
പ്രാസാദമന്ത്രേണ ശിവേ പരേഷു
മൂലേന ദേവം ഗൃഹമൂർത്തിരൂപം
പ്രകല്പ്യ സാംഗം പ്രയജേദ്ദിഗീശൈഃ. 52

അത്ര ഗർഭാലയേ അഭ്യർച്ചിതദർഭകേ = ഈ ഗർഭഗൃഹമദ്ധ്യത്തുങ്കൽ അക്ഷതവും പുല്ലും വച്ചു പീഠംപൂജിച്ചാൽ, ശിവേ പ്രാസാദമന്ത്രേണ = ശിവങ്കൽ ഹൌം എന്ന പ്രാസാദമന്ത്രംകൊണ്ടും, പരേഷു മൂലേന = വിഷ്ണ്വാദികളിൽ മൂലംകൊണ്ടും, ഗൃഹമൂർത്തിരൂപം ദേവം പ്രകല്പ്യ = പ്രാസാദമൂർത്തിയാകുന്ന ദേവനേ ആവാഹിച്ചു വ്യാപകാദി ന്യസിച്ച്, ദിഗീശൈഃ സാംഗം പ്രയജേത് = ഇന്ദ്രാദിദിക്പാലന്മാരോടും അംഗങ്ങളോടും കൂടി പൂജിച്ച് അർഘ്യപുഷ്പാഞ്ജലിയും ചെയ്‌വൂ.

ജപേത്കൃണുഷ്വാദ്യസകൃത്തഥാഷ്ട-
ശതം നിജാസ്ത്രം ച വികീര്യ രാജ്യാ
ഗവ്യൈരുത പ്രോക്ഷ്യ ഗൃഹം പ്രരക്ഷേത്
പുഷ്പാസ്ത്രതാലത്രയകല്പനാദ്യൈഃ. 53

കൃണുഷ്വാദി അസകൃത് = കൃണുഷ്വപാജ ഇത്യാദി സൂക്തം പല ഉരുവും, അഷ്ടശതം നിജാസ്ത്രം ച ജപേത് = നൂറ്റെട്ടുരു അസ്ത്രവും ജപിച്ച്, രാജ്യാ വികീര്യ = കടുകുകൊണ്ട് എല്ലാടവും വിതറി, ഉതഗവ്യൈഃ പ്രോക്ഷ്യ = പഞ്ചഗവ്യങ്ങളേക്കൊണ്ടു തളിച്ചിട്ടുതാൻ, പുഷ്പാസ്ത്രതാലത്രകല്പനാദ്യൈഃ ഗൃഹം പ്രരക്ഷേത് = അസ്ത്രംകൊണ്ടു പ്രാസാദത്തിന്റെ എട്ടുദിക്കിലും പുഷ്പാരാധനകളേച്ചെയ്തു അസ്ത്രമുദ്രകളേ കാട്ടി താലത്രയാദിചെയ്തു പ്രാസാദത്തേ രക്ഷിപ്പൂ.

തതോ ബഹിഃ സ്ഥണ്ഡിലമാരചയ്യ
ഹുതാശകോണേ വിനിധായ വഹ്നിം
ആദ്ധ്വര്യവാഹാഗ്നിമുഖാദിക്ഌപ്ത്യാ
രാക്ഷോഘ്നഹോമം വിദധീത വിദ്വാൻ. 54

തതഃ ബഹിഃ ഹുതാശകോണേ സ്ഥണ്ഡിലം ആരചയ്യ = പിന്നെ പുറത്തു കിഴക്കേ അമ്പലത്തിൽ അഗ്നികോണിൽ മെഴുകി ആയതനമുണ്ടാക്കി, വഹ്നിം വിനിധായ = തീയിനേ ഇട്ട് വിദ്വാൻ അദ്ധ്വര്യവാഹാഗ്നിമുഖാദിക്ഌപ്ത്യാ രാക്ഷോഘ്നഹോമം വിദധീത = വിദ്വാനായിരിക്കുന്ന ഗുരു യാജുഷമാർഗ്ഗേണ ജുഷ്ടോപ സ്ഥാനാദി അഗ്നിമുഖം കഴിവോളം

Shripuram Publications
www.shripuram.org

രാക്ഷോഘ്നഹോമത്തേ ചെയ്‌വൂ.

പക്വം രക്ഷോഹണാദിദ്വയമയമന്നനാ-
ജ്യം കൃണുഷ്വാദ്യമന്ത്രൈ-
ര്യേദേവാദ്യൈശ്ച ദുർഗ്ഗാമന്നഭിരപിസഭ്ര-
രാദിഭിശ്ചാഖിലേഷു
പ്രാഗ് ഭൂരാദേഃ സ്വഗുഹ്യാണ്ഡഭിരജിതഹരേ
മാർഗജാജ്യാന്നസർപ്പീം
ഷ്യസ്ത്രേണാഥാഷ്ടയുക്തം ശതമപി ജൂഹുയാത്
സർവതസ്സസ്വപൂർണ്ണം. 55

രക്ഷോഹണാദിദ്വയമയമന്നനാ പക്വം = 'രക്ഷോഹണം വാജി നം' 'വിജ്യോതിഷാ ബൃഹതാ... വിനിക്ഷേ സ്വാഹാ' ഈ രണ്ടു ഋക്കു കൾക്കൊണ്ട് പക്വഹോമത്തേയും 'കൃണുഷ്വാ'ദിമന്ത്രൈഃ 'യേ ദേവാ ദ്യൈഃ' ദുർഗ്ഗാമന്നഭിഃ സഭ്രരാദിഭിഃ ച അഖിലേഷു പുരസ്സദ' ഇത്യാദി അ ഞ്ചുകൊണ്ടും, പഞ്ചദുർഗ്ഗകൾകൊണ്ടും, ഭൂരാദിവ്യാഹൃതി നാലുകൊണ്ടും എല്ലാ ദേവന്മാരിലും നെയ്യിനേ ഹോമിപ്പൂ. അജിതഹരേ ഭൂരാദേഃ പ്രാക് സ്വഗുഹ്യാണ്ഡഭിഃ = ശങ്കരനാരായണങ്കൽ വ്യാഹൃതിഹോമത്തിനുമുമ്പിൽ തന്റെ പഞ്ചതത്ത്വങ്ങൾക്കൊണ്ടു കൂടെ ഹോമിക്കണം. അഥ അസ്ത്രേണ മാർഗ്ഗജാജ്യാന്നസർപ്പീംഷി അഷ്ടയുക്തം ശതം അപി സർവ്വതഃ സസ്വ പൂർണ്ണം ജൂഹുയാത് = പിന്നെ അസ്ത്രമന്ത്രംകൊണ്ടു കടലാടിച്ചമതയും നെയ്യും ഹവിസ്സും നെയ്യും നൂറ്റെട്ടീതെ ഉരു എല്ലാ ദേവന്മാർക്കും പൂർണ്ണാ ഹുതിയോടുകൂടീട്ടു ഹോമിക്കണം.

ഹോമാന്തേ ഖരമഞ്ജരീരസലസദ്-
ഭസ്മപ്രണീതാംഭസാ
സമ്പാതേന ശതാസ്ത്രജാപമഹിതേ-
നോക്ഷേദ് ഗൃഹം സർവതഃ
ദർഭബ്രഹ്മമയൂരപിപ്പലശിഖാ-
ഭിർഹോമമന്ത്രൈരമും
നിക്ഷിപ്യാനലമേവ വാസ്തുഹവനം
കുർവ്വീത ശാർവ്യാം ദിശി. 56

ഹോമാന്തേ = പിന്നെ സ്വിഷ്ടകൃദാദിഹോമം മുടിച്ച്, ഖരമഞ്ജരീര സലസദ്ഭസ്മപ്രണീതാംഭസാ സമ്പാതേന = കടലാടിയുടെ നീരും ഭസ്മ വും പ്രണീതാജലവും കൂടിയ സമ്പാതംകൊണ്ട്, ശതാസ്ത്രജാപമഹിതേ

www.shripuram.org Shripuram Publications www.shripuram.org

ന = അസ്ത്രം നൂററിയെട്ടുരു ജപിച്ചാൽ, ഹോമമന്ത്രൈഃ = ഹോമമന്ത്രങ്ങളും ജപിച്ച്, ദർഭബ്രഹ്മയൂരപിപ്പല ശിഖാഭിഃ ഗൃഹം സർവതഃ ഉക്ഷേത് = കുറുമ്പുല്ലും പലാശുംകുഴയും കടലാടിക്കുഴയും കൂട്ടിക്കെട്ടിയതുകൊണ്ടു പ്രാസാദത്തേ എല്ലാടവും തളിപ്പൂ. ശാര്വ്യാം ദിശി അമും അനലം ഏവ നിക്ഷിപ്യ വാസ്തുഹവനം കുർവ്വിത = പിന്നെ ഈശകോണിൽ മെഴുകി ആയതനമുണ്ടാക്കി ഈ രക്ഷോഘ്നഹോമത്തിന്റെ തീയിനേ ഒക്കയും പാത്രത്തിൽ കോരി ശ്വാസം വീർക്കാതെകൊണ്ടുപോയി ഈ ജ്ജ്ഞോപസ്ഥാനാദി അഗ്നിമുഖാന്തം വാസ്തുഹോമത്തേച്ചെയ്‌വൂ.

പൂർവേണ തം ഹുതവഹം വിരചയ്യ പീഠം
ശാലീനവീനവസനാമലതണ്ഡുലാദ്യൈഃ
ദൂർവ്വാശമീദളകുശോത്തരകൂർച്ചചർച്ചി-
തേ/സ്മിൻയജേത കലശൗ പരിധാനതഃ പ്രാക്. 57

തം ഹുതവഹം പൂർവേണ = ആ ഹോമത്തിന്റെ കിഴക്കുഭാഗത്ത്, പരിധാനതഃ പ്രാക് = പരിധി വയ്ക്കുന്നതിനുമുമ്പിൽ, ശാലീനവീനവസനാമലതണ്ഡുലാദ്യൈഃ = നെല്ലും അരിയും എള്ളും കടുകും കോടിവസ്ത്രാന്തിരതമാകുംവണ്ണം രണ്ടു സ്വസ്തികപത്മങ്ങളിൽ വച്ച പീഠം ഉണ്ടാക്കി, ദൂർവാശമീദളകുശോത്തരകൂർച്ചചർച്ചിതേ അസ്മിൻ = കറുകകളും, വഹ്നിയിലയും, കുശമൂട്ടം, ദർഭകൂർച്ചങ്ങളും വച്ചിരിക്കുന്ന ഈ പീഠങ്ങുങ്കൽ പീഠപൂജയേചെയ്ത്, കലശൗയജേത = രണ്ടു കലശങ്ങളേ കമഴ്ത്തി ശോഷണാദി പാത്രപൂജയും ചെയ്തു മലർത്തിവച്ചു പൂജിപ്പൂ.

ന്യക്കൂർച്ചേ/ഭ്യർച്ചയതു നിജയാ വിദ്യയാ
//വാഹ്യ വിദ്വാൻ
പ്രത്യക് സംസ്ഥേ പ്രകൃതഘടയോ-
സ്തണ്ഡുലസ്വർണ്ണപൂർണ്ണേ
'ശന്നോ ദേവ്യാ' ദ്വിരഭിഹിതപാ
ദാംഗയർച്ചാ/ത്ര ശാന്തിം
പ്രാചീനേ ച പ്രയജതു തഥാ
സ്വർണ്ണരത്നോദപൂർണ്ണേ. 58

ന്യക്കൂർച്ചേ = കലശം രണ്ടിലും കീഴ്ഞോട്ടഗ്രമായി കൂർച്ചങ്ങളേ ന്യസിച്ചു പൂജിച്ചാൽ, പ്രകൃതഘടയോഃ പ്രത്യക് സംസ്ഥേ തണ്ഡുലസ്വർണ്ണപൂർണ്ണേ = ഇക്കലശങ്ങളിൽ പടിഞ്ഞാറേക്കലശത്തിൽ സ്വർണ്ണമിട്ട് അരികൊണ്ടു നിറച്ച്, നിജയാ വിദ്യയാ ആവാഹ്യ = തന്റെ മൂലമന്ത്രംകൊണ്ട് ആവാഹിച്ചു പൂജിപ്പൂ. പ്രാചീനേ സ്വർണ്ണരത്നോദപൂർണ്ണേ = കിഴക്കേ

Shripuram Publications
www.shripuram.org

കലശത്തിൽ സ്വർണ്ണരത്നങ്ങളെ ന്യസിച്ച് വെള്ളം നിറച്ച്, ദ്വിരഭിഹിത പാദാംഗയാ ശന്നോദേവ്യാ ശാന്തിം ആവാഹ്യതഥാ പ്രയജതു = രണ്ടു പ്രാവശ്യം ചൊല്ലിയാൽ വരുന്ന ആറു പാദങ്ങളേക്കൊണ്ടു അംഗന്യാസ ത്തോടുകൂടിയിരിക്കുന്ന 'ശന്നോദേവീ' എന്ന ഋക്കുകൊണ്ടു ശാന്തിയേ ആവാഹിച്ച് തദംഗങ്ങളോടുംകൂടി രണ്ടു കലശങ്ങളേയും പൂജിച്ച് നിവേദി ച്ച് പ്രസന്നപൂജയും ചെയ്ത് പരിധ്യാദിഹോമം ചെയ്‌വൂ. 'ശന്നോദേവീരഭി ഷ്ടയേ ഹൃദയായ നമഃ' ഇത്യാദി അംഗം സിന്ധു ദ്വീപഃ ഋഷിഃ, ഗായത്രീ ച്ഛന്ദഃ, ശാന്തിർദേവതാ ഇങ്ങനെ ഋഷി ഛന്ദോദേവതകൾ.

പക്വം വാസ്തോഷ്പതേ/ന്തേ പ്രതിമനയുഗളേ-
നാഥ സർപ്പിർധ്രുവാസ്ഥൂ-
ണാദ്യൈർജാതാദിഭിഃ ശാന്ത്യൃഗണഭിരപിഭ്രു-
രാദിഭിശ്ചാഖിലേഷു
ഭർഗ്ഗേ ദുർഗ്ഗാപദേ പഞ്ചഭിരപി ജുഹുയാദ്
ബ്രഹ്മഭിർഗുഹ്യമന്ത്രൈഃ
ശാർങ്ഗീശേ തത് പുരസ്താത്തദുപരി നിജഷ-
ണ്മന്ത്രകൈഷ്ഷണ്മുഖേ ച. 59

വാസ്തോഷ്പതേന്തേ പ്രതിമനയുഗളേന പക്വം = വാസ്തോഷ്പതേ പ്രതിജാനീഹി, വാസ്തോഷ്പതേ ശഗ്മയാ... സദാനഃസ്വാഹാ ഈ രണ്ടു ഋക്കുകളേക്കൊണ്ടു പക്വത്തേ ഹോമിപ്പൂ. അഥ അഖിലേഷു ധ്രുവാ സ്ഥൂ ണാദ്യൈഃ ജാതാദിഭിഃ ശാന്ത്യൃഗണഭിഃ ഭ്രൂരാദിഭിഃ ച ആജ്യം = പിന്നെ എല്ലാ ദേവന്മാരിലും വാസ്തോഷ്പതേ ധ്രുവാ സ്ഥൂണാം ഇത്യാദി ആറുകൊ ണ്ടും ജാതാദി പഞ്ചദുർഗ്ഗകൊണ്ടും, ശന്ന ഇന്ദ്രാഗ്നീ ഇത്യാദി പതിനഞ്ചു ഋക്കുകൊണ്ടും, ഭ്രൂരാദിവ്യാഹൃതികളേക്കൊണ്ടും ആജ്യാഹുതികളെച്ചെ യ്‌വൂ. ഭർഗ്ഗേ ദുർഗ്ഗാപദേ പഞ്ചഭിഃ ബ്രഹ്മഭിഃ = ശിവങ്കൽ പഞ്ചദുർഗ്ഗവേ ണ്ടാ. തത്സ്ഥാനത്തു പഞ്ചബ്രഹ്മങ്ങളേക്കൊണ്ടും, ശാർങ്ഗീശേ തത് പുരസ്താത് ഗുഹ്യമന്ത്രൈഃ ശങ്കരനാരായണങ്കൽ പഞ്ചദുർഗ്ഗയുടെ മുമ്പിൽ തന്റെ പഞ്ചതത്ത്വങ്ങളേക്കൊണ്ടും, ഷണ്മുഖേ ച തദുപരി നിജഷണ്മന്ത്ര കൈഃ = സുബ്രഹ്മണ്യങ്കൽ പഞ്ചദുർഗ്ഗ കഴിഞ്ഞാൽ തന്റെ ഷണ്മന്ത്രങ്ങ ളേക്കൊണ്ടും, സർപ്പിഃ ജുഹുയാത് = നെയ്യിനേ ഹോമിപ്പൂ.

ശന്നോ ദേവ്യണനാ ശമീഘൃതഹവി-
സ്സർപ്പീംഷി ഗവ്യാപ്ലുതാ
ദൂർവാശ്ചാഷ്ടശതം ജുഹോതു നിഖിലേ
പൂർണ്ണാദിപൂർണ്ണം പൃഥക്

www.shripuram.org
Shripuram Publications
www.shripuram.org

ദൂർഗ്ഗായാം പുനരാദ്യയാദിമചതു-
ഷ്കം ദാനവാരൌ ഹുനേദ്
ദൂർവാമൂലത ഏവ ശാസ്തൃഗുഹയോ-
സ്സർവ്വം ജിനാർണ്ണേന വാ. 60

നിഖിലേ ശന്നോ ദേവ്യണനാ = എല്ലാ ദേവന്മാരിലും ശന്നോദേവീ എന്നതുകൊണ്ട്, ശമീഘൃതഹവിസ്സർപ്പീംഷി ഗവ്യാപ്ലുതാഃ ദൂർവാഃ ച = വഹ്നിച്ചമതയും നെയ്യും ഹവിസ്സും നെയ്യും പഞ്ചഗവ്യത്തിൽ മുക്കിയ കറുകയും, അഷ്ടശതം പൂർണ്ണാദിപൂർണ്ണം പൃഥക് ജുഹോതു = നൂറ്റെട്ടീതു ഉരു ഇടയിൽ പൂർണ്ണാഹുതിയോടു കൂടുംവണ്ണം വെവ്വേറേ ഹോമിപ്പൂ. ദുർഗ്ഗായാം ആദ്യയാ ആദിമ ചതുഷ്കം = ദുർഗ്ഗയിങ്കൽ ജതാവേദസേ എന്ന ആദിയിലത്തേ ഋക്കുകൊണ്ടു വഹ്നിച്ചമത തുടങ്ങി നാലിനേയും ഹോമിപ്പൂ. ദാനവാരൌ ദൂർവാഃ മൂലതഃ ഏവ = വിഷ്ണുവിങ്കൽ കറുകകളേ മൂലം കൊണ്ടുതന്നെ ഹോമിക്കണം. ശാസ്തൃഗുഹയോഃ സർവം ജിനാർണ്ണേന വാ ഹുനേത് = ശാസ്താവിങ്കലും ഗുഹയിങ്കലും ഈ ദ്രവ്യങ്ങളേ അഞ്ചിനേയും തങ്ങളുടെ ഗായത്രികൊണ്ടു ഹോമിക്കിലും ആം.

പ്രാക് പാവകം സ്വിഷ്ടകൃതോഽവശിഷ്ടേ-
നാന്നേന തോയാജ്യസമന്വിതേന
വികീര്യ ദർഭാഗ്രചയം നമോരു-
ദ്രാദ്യേന മന്ത്രേണ ബലിം വിദദ്ധ്യാത്. 61

പാവകം പ്രാക് = പിന്നെ സ്വിഷ്ടകൃദാദിഹോമം ചെയ്തു തീയുടെ കിഴക്കുഭാഗത്ത്, ദർഭാഗ്രചയം വികീര്യ = കുറുമ്പുല്ലു വിരിച്ച്, സ്വിഷ്ടകൃതഃ അവശിഷ്ടേന തോയാജ്യസമന്വിതേന അന്നേ ന = സ്വിഷ്ടകൃത്തിങ്കൽ അവശിഷ്ടമായിരിക്കുന്ന ഹവിസ്സുകൊണ്ടു വെള്ളവും നെയ്യും കൂടുംവണ്ണം ഉപസ്തരിച്ചു വെള്ളവും കൂട്ടി, നമോ രുദ്രാദ്യേന മന്ത്രേണ ബലിം വിദദ്ധ്യാത് = നമോ രുദ്രായ വാസ്തോഷ്പതയേ ഇത്യാദി ഋക്കുകൊണ്ടു ബലിയേ ചെയ്യണം.

ഏകാശീതിപദാത്മപദ്മവിഹിതം
വഹ്നേരുദീച്യാമുത
പ്രാച്യാം വാസ്തുബലിം മഹേശദിശി വാ
കുര്യാന്നിജോക്തക്രമാത്
സമ്പാതേന സഭസ്മശാന്തിജലഗ-
വ്യേനാഥ ശമ്യാദികൈ-

Shripuram Publications
www.shripuram.org

രുക്ഷേച്ഛാന്ത്യഭിമന്ത്രിതേന ഭവനം
ത്വം വിപ്രമന്ത്രം ജപൻ. 62

വഹ്നേഃ ഉദീച്യാം ഉത പ്രാച്യാം മഹേശദിശി വാ = പിന്നെ വാസ്തുഹോമത്തിന്റെ വടക്കുതാൻ കിഴക്കുതാൻ ഈശകോണിൽതാൻ, ഏകാശീതിപദാത്മപദ്മവിഹിതം വാസ്തുബലിം = എമ്പത്തിയൊന്നു പദ്മായ പത്മത്തിൽ മുമ്പു പറഞ്ഞിരിക്കുന്ന വാസ്തുബലിയേ നിജോക്തക്രമാത് കുര്യാത് = തനിക്കു പറഞ്ഞ ക്രമംപോലെ ചെയ്വൂ. അഥ ശാന്ത്യഭിമന്ത്രിതേന സഭസ്മശാന്തിജലഗവ്യേന സമ്പാതേന = പിന്നെ ശന്നോദേവീമന്ത്രംകൊണ്ടു നൂറ്റിയെട്ടു ഉരു ജപിച്ചു ഭസ്മവും പ്രണീതാജലവും പഞ്ചഗവ്യവും കൂടിയിരിക്കുന്ന വാസ്തുഹോമസമ്പാതംകൊണ്ട്, ത്വം വിപ്രമന്ത്രം ജപൻ = 'ത്വം വിപ്രസ്ത്വം കവിഃ' എന്ന ഋക്കു ജപിച്ച്, ശമ്യാദികൈഃ ഭവനം ഉക്ഷേത് = വഹ്നിക്കുലയും ദർഭയും പ്ലാശിങ്കഴയും അരയാൽക്കുലയും കൂട്ടികെട്ടിയതുകൊണ്ടു പ്രാസാദത്തുങ്കൽ എല്ലാടവും തളിപ്പൂ.

ഗർഭാഗാരേ കലശസൃഭൃതാം-
സ്തണ്ഡുലാൻ ഗേഹമൂർത്തൌ
പ്രോൽകീര്യൈതത്കലശസലിലൈ-
ശ്ചാപി സിക്ത്വാ തയർച്ചാ
കൃത്വാ പുണ്യാഹമപി സശിവം വാ-
സ്തുവാദാദിവിപ്രൈഃ
കൃത്വാ നീരാജനമപി നിജാസ്ത്രേണ
രക്ഷാം ച കുര്യാത്. 63

ഗർഭാഗാരേ ഗേഹമൂർത്തൌ = പിന്നെ ഗർഭഗൃഹമദ്ധ്യത്തുങ്കൽ പ്രാസാദമൂർത്തിയേ മുമ്പിൽ പറഞ്ഞ മന്ത്രംകൊണ്ടു പൂജിച്ച്, തണ്ഡുലാൻ പ്രോൽകീര്യ = അരിനിറച്ച കലശംകൊണ്ടു ആടി, തയാഋചാ ഏതത് കലശസലിലൈഃ ച സിക്ത്വാ = ആ ഋക്കുകൊണ്ടു കലശജലവുമിവടെയാടി, വിപ്രൈഃ പുണ്യാഹം അപികൃത്വാ = പിന്നെ ബ്രാഹ്മണരോടുകൂടി വാസ്തുദേവതാഃ പ്രീയന്താം എന്ന വിശേഷംകൂട്ടി പ്രാസാദത്തിനു പുണ്യാഹംതളിച്ച്, സശിവം വാസ്തുവാദാദി കൃത്വാ = ശിവം വാസ്തു ശാന്തിരസ്തു സുമംഗലം ഭവതു = ഇങ്ങനെ എല്ലാവരും നടയിൽനിന്നു തൊഴുതു ചൊല്ലി, നീരാജനം അപി കൃത്വാ നിജാസ്ത്രേണ രക്ഷാം ച കുര്യാത് = നീരാജനത്തേയും ഉഴിഞ്ഞ് തന്റെ അസ്ത്രംകൊണ്ടു താലത്രയാദിചെയ്തു രക്ഷിപ്പൂ. ഇങ്ങനെ പ്രാസാദശുദ്ധികൾ.

Shripuram Publications
www.shripuram.org

അനന്തരം ബിംബശുദ്ധികലശംപൂജയേ പറയുന്നു.

ശുദ്ധോദഗ്ഭവനേ/ഥസപ്തദശക
ദ്രവ്യക്രമാത് ക്ഷേത്രകം
കൃത്വാ/ന്തർനവകം പ്രകല്പ്യ കലശാ-
നാം ബാഹ്യതോ യുക്തിതഃ
ശ്രീശേ/ന്തർനവകേ/ങ്കുരാദിനവകം
ഗന്ധോദകം ദിഗ്വിദിക്-
ഖണ്ഡാന്തസ്ഥഘടേഷു ശുദ്ധസലിലം
ശേഷേഷു ചാപൂരയേത്. 64

അഥ ശുദ്ധോദഗ്ഭവനേ = അനന്തരം ധ്യാനാധിവാസത്തിന്റെ തലേനാൾ സ്ഥലശുദ്ധി ചെയ്തിരിക്കുന്ന ഈശകോണിൽ അമ്പലത്തിൽ - സപ്തദശകദ്രവ്യക്രമാത് ക്ഷേത്രകം കൃത്വാ - കലശത്തിങ്കൽ സപ്തദശദ്രവ്യന്യാസത്തിനു പറയുന്നപോലെ പത്മത്തേ ഉണ്ടാക്കു. അന്തഃ നവകം ബാഹ്യതഃ കലശാനാം യുക്തിതഃ ച പ്രകല്പ്യ = ഇവിടെ അകത്ത് എല്ലാപ്പക്ഷത്തിലും ഒമ്പതുകലശംതന്നെ. പുറത്ത് അവിടത്തേ യുക്തിക്കുതക്കവണ്ണം ത്ര്യേകാംഗാബ്ജിനവാംകഗോവികൃതികളിൽ ഒന്നിനേയുമുണ്ടാക്കു. ശ്രീശേ അന്തഃ നവകേ അങ്കരാദിനവകം = വിഷ്ണുവിങ്കൽ അകത്തേ നവകത്തിൽ പല്ലവങ്ങൾ തുടങ്ങി ഒമ്പതു ദ്രവ്യങ്ങളേയും, ദിഗ്വിദിക് ഖണ്ഡാന്തസ്ഥഘടേഷു ഗന്ധോദകം = പുറത്തു ദിക്കിലേയും കോണിലേയും ഖണ്ഡബ്രഹ്മകലശങ്ങളിൽ അഷ്ടഗന്ധജലത്തേയും ശേഷേഷു ശുദ്ധസലിലം ച ആപൂരയേത് = ശേഷമുള്ള പരികലശങ്ങളിൽ ശുദ്ധജലത്തേയും നിറപ്പൂ. ഇങ്ങനെ വിഷ്ണുവിങ്കൽ പതിനേഴ ബ്രഹ്മനായിട്ട് ദ്രവ്യന്യാസം ഭവിക്കും.

മദ്ധ്യാന്തം നവഖണ്ഡകേഷു ശിവശാ-
സ്ത്രോർദ്ദിഗ്വിദിക്ക്ലൃപ്തിതോ-
ദുർഗ്ഗേഭാനനയോഃ പ്രദക്ഷിണതയാ
ദ്രവ്യാണി വിന്യസ്യതു
ദിക്കോണക്രമതോ/ന്തരാദി ശരജേ-
/ഥേശാച്യുതേ മദ്ധ്യതോ
മദ്ധ്യാശാവിദിശാക്രമാന്നവ ബഹിഃ
ഖണ്ഡേഷു ഹേമാംബു ച. 65

Shripuram Publications
ശിവശാസ്ത്രോഃ നവഖണ്ഡകേഷു = ശിവങ്കലും ശാസ്താവിങ്കലും നടുവ
www.shripuram.org

ണ്ഡത്തിലേയും പുറത്തേ എട്ടു ഖണ്ഡത്തിലേയും ഖണ്ഡബ്രഹ്മകലശങ്ങളിൽ, ദിഗ്വിദിക്ക്ക്ലപ്തിതഃ മദ്ധ്യാന്തം = പുറത്തു ദിക്കുകൾ നാലും കോണുകൾ നാലും കഴിഞ്ഞു നടുവിലേ ബ്രഹ്മകലശത്തിലും ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങൾ, ദുർഗ്ഗേഭാനനയോഃ പ്രദക്ഷിണതയാ മദ്ധ്യാന്തം = (ദുർഗ്ഗയിലും ഗണപതിയിങ്കലും) പുറത്തു കിഴക്കു തുടങ്ങി പ്രദക്ഷിണക്രമേണ എട്ടു ഖണ്ഡബ്രഹ്മനും കഴിഞ്ഞാൽ നടുവിലും ബ്രഹ്മനിലായിട്ടും ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങൾ, ശരജേ അന്തരാദി ദിക്കോണക്രമതഃ = സുബ്രഹ്മണ്യങ്കൽ അകത്തേ ബ്രഹ്മൻ മുമ്പായിട്ടും പിന്നെ പുറത്തേ ഖണ്ഡബ്രഹ്മനിൽ ദിക്കും കോണും ആയിട്ടും ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങൾ, അഥ ഈശാച്യുതേ മദ്ധ്യതഃ മദ്ധ്യാശാവിദിശാക്രമാത് നവ = ശങ്കരനായാരാണങ്കൽ നടുഖണ്ഡത്തിലേ ഒമ്പതുങ്കൽ നടുവിലും ദിക്കുകൾ നാലും കോണുകൾ നാലു കഴിഞ്ഞാൽ, ബഹിഃ ഖണ്ഡേഷു ഹേമാംബു ച ദ്രവ്യാണി വിന്യസ്യതു പുറത്തേ ഖണ്ഡബ്രഹ്മഘടങ്ങളിൽ ദിക്കും കോണുമായിട്ടു സ്വർണ്ണം ന്യസിച്ചു വെള്ളം നിറപ്പൂ. ഇങ്ങനെ പതിനേഴു ദ്രവ്യങ്ങൾ.

അനന്തരം ദ്രവ്യങ്ങളേ പറയുന്നു.

ക്ഷീരിശ്രീബകുളാമ്രചമ്പകപലാ-
ശാശോകനീപാർജ്ജുന-
പ്രോത്ഥാന്യത്ര തു പല്ലവാനി കലശേ
കാർശാനവാശാദലേ
രക്ഷോദിക്സ്ഥദലേ സപദ്മകപടീ-
രദ്വന്ദ്വജാത്യാർത്തവം
ദർഭസ്തംബസകുന്ദനന്ദ്യഭിധദൂ-
ർവാരോചനാസർഷപം. 66

ഹരൌ കാർശാനവാശാദലേ = വിഷ്ണുവിങ്കൽ അകത്തേ ഒമ്പതിൽ അഗ്നികോണിലേ ദലകലശത്തിൽ ക്ഷീരി = നാല്പാമരം ശ്രീ = കൂവളം, ബകുളം = ഇലഞ്ഞി, ആമ്രം = മാവ്, ചമ്പകം = അതുതന്നെ, പലാശം = പ്ലാശ്, അശോകം = അശവ്, നീപം = കടമ്പ്, അർജ്ജുനം = മരുത് ഈ വൃക്ഷങ്ങളുടെ തളിരുകളേയും, രക്ഷോദിക്സ്ഥദലേ = പിന്നെ നിരൃതികോണിലേ ദലകലശത്തിൽ, പത്മകം = പതിമുകം, പടീരദ്വന്ദ്വം = ചന്ദനവും രക്തചന്ദനവും, ജാത്യാർത്തവം = പിച്ചകപ്പൂവ്, ദർഭസ്തംബം = ദർഭമുള, കുന്ദം = കുരുന്ന്, നന്ദ്യഭിധം = നന്ത്യാർവട്ടം, ദൂർവാ =കറുക, രോചനാ = ഗോരോചനം, സർഷപം = കടുക് ഇവറ്റേ ന്യസിപ്പൂ.

യവവ്രീഹിസ്വർണ്ണം രജതതിലകുലദ്വിതയമു-

Shripuram Publications
www.shripuram.org

ച്ഛകൃദ്യുക്താ ന്യസ്യേത്സതതഗതിദിക്പത്രകലശേ
സഹാവിഷ്ണുക്രാന്തീമധുകരഗുളൂച്യാർദ്രകശമീഃ
ശതാവര്യാ ശ്യാമാകമപി ശിവദിക്പത്രകലശേ. 67

സതതഗതിദിക്പത്രകലശേ = വായുകോണിലേ കലശത്തിൽ, യവം = അതുതന്നെ, വ്രീഹി = നെല്ല്, സ്വർണ്ണം = അതുതന്നെ, രജതം = വെള്ളി, തിലം = എള്ള്, കൂലദ്വിതയമൃത് = പുഴയുടെ രണ്ടു കരയിലേയും മണ്ണ്, ശകൃദ്യുക്തം = ചാണകത്തോടുകൂടീട്ട് ഇവറ്റേ ന്യസിപ്പൂ. ശിവദിക് പത്രകലശേ = ഈശാനകോണിലേ ദലകലശത്തിൽ, സഹാ = പൂവാങ്കുറന്തൽ, വിഷ്ണുക്രാന്തി = അതുതന്നെ, മധുകരം = കയ്യോന്നി, ഗുളൂചി = ചിറ്റമൃത്, ആർദ്രകം = ഇഞ്ചി, ശമീ = വഹ്നിയില, ശതാവര്യാ = ശതാവേലി, ശ്യാമാകം = കവിട്ട (?) ഇവറ്റേ ന്യസിപ്പൂ.

പ്രത്യക് ഫലം ന്യസതു ഗവ്യമവാക് കഷായം
പ്രാഗുത്തരേ ച ശതമൂല്യമൃതാകുമാരീഃ
വ്യാഘ്രീം വചാം ബഹുസുതാം ച സഹാം ച സിംഹീം
വല്മീകസപ്തകമൃദഃ കലശേഽഥ മദ്ധ്യേ. 68

പ്രത്യക് ഫലം = പിന്നെ പടിഞ്ഞാറു ഫലദ്രവ്യത്തേയും, അവാക് ഗവ്യം = തെക്ക പഞ്ചഗവ്യത്തേയും പ്രാക് കഷായം = കിഴക്ക കഷായത്തേയും, ഉത്തരേ = വടക്ക്, ശതമൂലി = കുഞ്ഞിരിക്കയും, അമൃതാ = അമൃതും, കുമാരീ = കറ്റാൽവാഴയും, വ്യാഘ്രീ = ചെറുവഴുതിനയും, വചാ = വയമ്പും, ബഹുസുതാ = ശതാവേലിയും, സഹാം = പൂവാംകുറന്തിലയും, സിംഹീം = വലിയവഴുതിനയും ഇവറ്റേ ന്യസിപ്പൂ. അഥ മദ്ധ്യേ കലശേ വല്മീകസപ്തകമൃദഃ ന്യസതു = ഇങ്ങനെ ദലകലശം എട്ടും നിറച്ചാൽ നടുവിലേ ബ്രഹ്മകലശത്തിൽ ഏഴുകൂട്ടു പുറ്റുമണ്ണുകളേയും ന്യസിച്ചു വെള്ളം നിറപ്പൂ.

ഓം സോമായ വനസ്പ-
ത്യന്തർഗതയേ നമോ മൃദന്തമനുഃ
ഗന്ധോദേഽഷ്ടാർണം സ്യാ-
ച്ഛുദ്ധോദേ ദ്വാദശാക്ഷരം ച ഹരൌ. 69

ഹരൌ = വിഷ്ണുവിങ്കൽ, ഓം സോമായ വനസ്പത്യന്തർഗ്ഗതയേ നമഃ മൃദന്തമനുഃ = ഈ ദലകലശങ്ങളും ബ്രഹ്മനും നിറപ്പാൻ ഓം സോമായ വനസ്പത്യന്തർഗ്ഗതയേ നമഃ എന്ന മന്ത്രം ഭവിക്കം. ഗന്ധോദേ അഷ്ടാർണ്ണം ശുദ്ധോദേ ദ്വാദശാക്ഷരം ച സ്യാത് = പുറത്തേ ഖണ്ഡബ്രഹ്മനിൽ

Shripuram Publications
www.shripuram.org

അഷ്ടഗന്ധജലം നിറപ്പാൻ മൂലവും, പരികലശങ്ങളിൽ ശുദ്ധജലം നിറപ്പാൻ ദ്വാദശാക്ഷരവും മന്ത്രം ഭവിക്കും. ഇങ്ങനെ വിഷ്ണുവിങ്കലേ സപ്തദശദ്രവ്യന്യാസക്രമം.

ക്വാഥോദഗവ്യഭസിതാനി ശിവേ മൃദംഭോ-
ഗോമൂത്രദുഗ്ദ്ധദധികം കുശഗന്ധവാരി
മൃത്സാജലം ക്വഥിതവാര്യഥ പഞ്ചഗവ്യം
വ്യസ്തം സമസ്തമപി ഗന്ധജലം പ്രഭേശേ. 70

ശിവേ = ശിവങ്കൽ, ദിക്കും കോണും നടുവും ക്രമേണ ഖണ്ഡബ്രഹ്മകലശങ്ങളിൽ, ക്വാഥോദഗവ്യഭസിതാനി = കഷായജലത്തേയും പഞ്ചഗവ്യത്തേയും ഭസ്മത്തേയും, മൃദംഭഃ = മൃജ്ജലത്തേയും, ഗോമൂത്രദുഗ്ദ്ധദധികം = ഗോമൂത്രത്തേയും പാലിനേയും തയിരിനേയും കുശഗന്ധവാരി = കുശജലത്തേയും അഷ്ടഗന്ധജലത്തേയും, ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങളെ ന്യസിപ്പൂ. പ്രഭേശേ = ശാസ്താവിങ്കൽ ഈവണ്ണംതന്നെ, മൃത്സാജലം = മൃജ്ജലത്തേയും, ക്വഥിതവാരി = കഷായജലത്തേയും അഥ പഞ്ചഗവ്യം വ്യസ്തം സമസ്തം അപി = പിന്നെ ഗോമൂത്രത്തേയും ചാണകവെള്ളത്തേയും പാലിനേയും തയിരിനേയും നെയ്യിനേയും ഇങ്ങനെ വേറെയുള്ള പഞ്ചഗവ്യങ്ങളേയും പിന്നെ കൂടിയ പഞ്ചഗവ്യത്തേയും, ഗന്ധജലം = നടുവിൽ അഷ്ടഗന്ധജലത്തേയും ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങളേ ന്യസിപ്പൂ.

വ്യസ്തം ക്രമേണ മഹിഷദ്വിഷി പഞ്ചഗവ്യം
മൃത്ക്വാഥരത്നസലിലാന്യപി ഗന്ധതോയം
പാദ്യാർഘ്യഗവ്യകപയാംസി ദധി ദ്വിപാസ്യേ
ക്വാഥാംബുമൃത് കുശജലാന്യപി ഗന്ധവാരി. 71

മഹിഷദ്വിഷി ക്രമേണ = ദുർഗ്ഗയിങ്കൽ ഖണ്ഡബ്രഹ്മനിൽ പ്രദക്ഷിണക്രമേണ, വ്യസ്തം പഞ്ചഗവ്യം = ഗോമൂത്രം, ചാണകം, പാല്, തയിര്, നെയ്യ് ഇത് അഞ്ചും മൃത്ക്വാഥരത്നസലിലാനി = മണ്ണുകളും കഷായജലവും രത്നജലവും ന്യസിച്ച്, ഗന്ധതോയം = നടുവിൽ അഷ്ടഗന്ധജലത്തേ നിറപ്പൂ. ഇങ്ങനെ ഒമ്പതു ദ്രവ്യങ്ങൾ. ദ്വിപാസ്യേ = ഗണപതിയിങ്കൽ, ഈവണ്ണംതന്നെ, പാദ്യാർഘ്യഗവ്യകപയാംസി = പാദ്യദ്രവ്യത്തേയും അർഘ്യദ്രവ്യത്തേയും പഞ്ചഗവ്യത്തേയും പാലിനേയും, ദധി = തൈരിനേയും, ക്വാഥാംബുമൃത്കുശജലാനി = കഷായജലത്തേയും മൃജ്ജലത്തേയും കുശജലത്തേയും ന്യസിച്ച്, ഗന്ധവാരി അപി = നടുവിൽ അഷ്ടഗന്ധജലത്തേയും ന്യസിപ്പൂ.

Shripuram Publications
www.shripuram.org

കൌശോദഗവ്യകകഷായകദൌർവ്യരാജീ-
മൃദ്രത്നശുദ്ധജലഗന്ധജലം കുമാരേ
മൃത്ക്വാഥകം ഹരിഹരേ പൃഥഗാസ്ഥിതാനി
ഗവ്യാനി പഞ്ച ഫലവാര്യഖിലൌഷധം ച. 72

കുമാരേ = സുബ്രഹ്മണ്യങ്കൽ അകത്തു തുടങ്ങി, കൌശോദഗവ്യകകഷായകദൌർവ്യരാജിമൃദ്രത്നശുദ്ധജലഗന്ധജലം = കുശജലത്തേയും, പഞ്ചഗവ്യത്തേയും കഷായജലത്തേയും കറുകയിട്ട വെള്ളത്തേയും കടുകിനേയും മണ്ണുകളേയും രത്നങ്ങളേയും ശുദ്ധജലത്തേയും അഷ്ടഗന്ധജലത്തേയും ഇങ്ങനെ ഒമ്പതുദ്രവ്യങ്ങളേ ന്യസിപ്പൂ. ഹരിഹരേ = ശങ്കരനാരായണങ്കൽ മദ്ധ്യഖണ്ഡനവകത്തിൽ നടുവിലും ദിക്കോണുകളിലും, മൃത്ക്വാഥകം = മണ്ണും കഷായജലത്തെ, പൃഥക് ആസ്ഥിതാനി പഞ്ചഗവ്യാനി = ഗോമൂത്രം ചാണകം = പാല്, തൈര്, നെയ്യ് ഇങ്ങനെ വേറെ (പഞ്ച) ഗവ്യങ്ങളേയും, ഫലവാരി = ഫലജലത്തേയും, അഖിലൌഷധം ച = സർവൌഷധത്തേയും ഇങ്ങനെ ഒമ്പതിനേ അകത്തു ന്യസിച്ച് പുറത്ത് ദിക്കോണഖണ്ഡബ്രഹ്മഘടങ്ങളിൽ സ്വർണ്ണത്തേയും ന്യസിപ്പൂ. ഇങ്ങനെ പതിനേഴ ദ്രവ്യങ്ങൾ.

സ്വസ്വദിക്സംസ്ഥിതബ്രഹ്മതദംഗൈരിഹ പൂരയേത്
മദനദ്രുഹി തദ്ദ്രവ്യാണ്യപരേഷു സ്വമൂലതഃ. 73

ഇഹ മദനദ്രുഹി = ഇവിടെ ശിവങ്കൽ, സ്വസ്വദിക്സംസ്ഥിതബ്രഹ്മദംഗൈഃ ദ്രവ്യാണി പൂരയേത് = കിഴക്ക തൽപുരുഷനും തെക്ക് അഘോരനും പടിഞ്ഞാറു സദ്യോജാതനും വടക്ക വാമദേവനും അഗ്നികോണിൽ പഞ്ചബ്രഹ്മാംഗത്തിന്റെ ഹൃദയവും നിരൃതിയിങ്കൽ ശിഖയും വായുവിങ്കൽ കവചവും ഈശകോണിൽ ശിഖയും നടുവിൽ ഈശാനനും ഇങ്ങനെ അതതു ദിക്കുകളിൽ പറഞ്ഞിരിക്കുന്ന പഞ്ചബ്രഹ്മനേക്കൊണ്ടും തദംഗങ്ങളേക്കൊണ്ടും ദ്രവ്യങ്ങളേ ന്യസിപ്പൂ. അപരേഷു സ്വമൂലതഃ = മറ്റുള്ള ദേവന്മാരിൽ തന്റെതന്റെ മൂലംകൊണ്ട് ദ്രവ്യങ്ങളേ ന്യസിപ്പൂ.

അനന്തരം ഇവിടത്തേ സംഘടനദ്രവ്യങ്ങളേ പറയുന്നു.

സ്ഥാണൌ നാഗ്രുക്ഷതീർത്ഥദ്വിപശിഖരിനദീ-
വേദികാചത്വരോത്ഥാ-
വിഘ്നേ ക്ഷേത്രാഖുജാദ്ധ്യാശ്വ്യുതചരമസരി-
ജ്ജാശ്ച്യുതാദ്യന്തിമാഃസ്യുഃ
സക്രോഡോത്ഥാഃ കുമാര്യാം സരിദുഭയതട-
ക്ഷേത്രനാഗ്രുക്ഷജാതാ

Shripuram Publications
www.shripuram.org

മൃത്സാഃ ശാർങ്ഗീശ ആര്യേ കരികിരിവൃഷവ-
ല്മീകനദ്യുദ്ഭാവാശ്ച. 74

സ്ഥാണൌ = ശിവങ്കൽ, നാകു = പുറ്റുമണ്ണ്, ഉക്ഷം = കാളക്കൊമ്പത്തേ മണ്ണ്, തീർത്ഥം = തീർത്ഥത്തിലെ മണ്ണ്, ദ്വിപം = ആനക്കൊമ്പത്തേ മണ്ണ്, ശിഖരി = പർവതത്തിലേ മണ്ണ്, നദീ = പുഴയിലെ മണ്ണ്, വേദികാ = അഗ്നിഹോത്രവേദിയിലെ മണ്ണ്, ചത്വരം = നാലുവരി കൂട്ടുന്നേടത്തേ മണ്ണ്, മൃത്സാഃ = ഈ മണ്ണുകൾ വിഘ്നേ ക്ഷേത്രാഖുജാഢ്യാഃ = ഗണപതിയിങ്കൽ ഈ പറഞ്ഞതിൽ വിളഭ്രമിയിലെ മണ്ണും എലി തുരന്ന മണ്ണും കൂടെ വേണം. ച്യുതചരമസരിജ്ജാഃ = നാലുവഴിയിലേ മണ്ണും പുഴയിലേ മണ്ണും വേണ്ടാ, അപ്പോൾ ഗണപതിയുടെ മണ്ണുകൾ, കുമാര്യാം ച്യുതാദ്യന്തിമാഃ സംക്രോഢോത്ഥാഃ = ദുർഗയിങ്കൽ ശിവന്റെ മണ്ണുകളിൽ പുറ്റുമണ്ണും നാലുവഴിയിലേ മണ്ണും വേണ്ടാ. പന്നി തുരന്നിടത്തേ മണ്ണുകൂടി കൂട്ടിക്കൊള്ളണം. ശാർങ്ഗീശേ സരിദുഭയതടം = (ശങ്കരനാരായണങ്കൽ) ആറ്റിന്റെ രണ്ടുകരയിലേ മണ്ണ്, ക്ഷേത്രം = കണ്ടത്തിലേ മണ്ണ്, നാകു = പുറ്റുമണ്ണ്, ഉക്ഷജാതം = കാളക്കൊമ്പേലേ മണ്ണ്, (ആര്യ = ശാസ്താവിങ്കൽ, കരി = ആനക്കൊമ്പത്തേ മണ്ണ്) കിരി = പന്നി തുരന്ന മണ്ണ്, വൃഷം = കാളക്കൊമ്പേലേ മണ്ണ്, വല്മീകം = പുറ്റുമണ്ണ്, നദ്യുത്ഭവം = പുഴയിലേ മണ്ണ്, ഇങ്ങനെ അഞ്ച്.

ക്ഷീരിദ്വിജദ്രുമശമീഖദിരം കുമാര്യാം
ക്വാഥാംഗകം ഹരിഹരേ ഖദിരോനിതം തത്
വിഘ്നേ പയോദ്രുമകപിത്ഥമധൂകബില്വം
ശേഷപ്രസിദ്ധിരുപരി സ്നപനാഭിധാനേ. 75

കുമാര്യാം ക്ഷീരിദ്വിജദ്രുമശമീഖദിരം ക്വാഥാംഗകം = ദുർഗയിങ്കൽ നാല്പാമരത്തൊലിയും പ്ലാശിന്തൊലിയും വഹ്നിത്തൊലിയും കരിങ്ങാലിത്തൊലിയും കൂട്ടിയത് കഷായദ്രവ്യം. ഹരിഹരേ ഖദിരോനിതം തത് = ശങ്കരനാരായണങ്കൽ കരിങ്ങാലി കൂടാതെ ഈ പറഞ്ഞത് കഷായദ്രവ്യം, വിഘ്നേ പയോദ്രുമകപിത്ഥമധൂകബില്വം = ഗണപതിയിങ്കൽ, നാല്പാമരത്തൊലിയും പ്ലാശിന്തൊലിയും ഇലിപ്പത്തൊലിയും കൂവളത്തൊലിയും കൂടിയത് കഷായദ്രവ്യം, ഉപരിസ്നപനാഭിധാനേ ശേഷപ്രസിദ്ധിഃ = മുകളിൽ എട്ടാം പടലത്തിൽ കലശദ്രവ്യങ്ങൾ പറയുന്നേടത്ത് ശേഷം ഇവിടെ വേണ്ടുന്നതിനേ പറയും.

സർവ്വൌഷധാനി തിലമാഷയവപ്രിയംഗു-
ഗോധൂമശാല്യണസമാഹ്വയകാന്യഥ സ്യുഃ

www.shripuram.org
Shripuram Publications
www.shripuram.org

നീവാരഗാർമ്മുകഗവേധുകജർത്തിലാഢ്യ-
ശ്യാമാകവേണുഫലവാസ്തുകസംയുതാനി. 76

ശങ്കരനാരായണങ്കൽ, തിലം = എള്ള്, മാഷം = ഉഴുന്ന്, യവം = അതുതന്നെ, പ്രിയംഗു = തിന, ഗോധൂമം = ഗോതമ്പ്, ശാലി = നെല്ല്, അണുസമാഹ്വയം = പഞ്ഞിപ്പുല്ല് ഈ ഏഴു ഗ്രാമ്യങ്ങളും, നീവാരം = വരിനെല്ല്, ഗാർമ്മുകം = കാട്ടുപയറ്, ഗവേധുകം = ചലന്തി, ജർത്തിലം = കാട്ടെള്ള്, ശ്യാമാകം = തവിട്ടപ്പയർ, വേണുഫലം = മുളനെല്ല്, വാസ്തുകം = വാസ്തുച്ചീരയരി ഇവ ഏഴും ആരണ്യങ്ങൾ. സർവൌഷധാനി സ്യുഃ = ഈ പതിന്നാലുംകൂടിയത് സർവൌഷധങ്ങൾ.

മൂലാഷ്ടോർദ്ധ്വശതാജ്യഹുത്യദിതസ-
മ്പാതം സമർപ്യാത്മഭ്രു-
ഖണ്ഡസ്ഥേഷു ഹിരണ്യവർണമനമ-
ന്യേഷു സ്വമൂലം ഹരൌ
സർവ്വത്ര സ്വകമൂലമേവ പരിജ-
പ്യാന്യേഷു വസ്ത്രൈർനവൈ-
രാച്ഛാദ്യേത്യധിവാസ്യ തത് സ്നപനതഃ
പൂർവേഽഹ്നി രക്ഷേദ് ഘടാൻ. 77

പിന്നെ കലശങ്ങളുടെ വടക്ക കീറിത്തീയിട്ടു മെഴുകിത്തലോടി പരിസ്തരിച്ചു വ്ളാകി ആജ്യസംസ്കാരം തുടങ്ങി സ്രുക്സമ്മാർജനാന്തം ചെയ്ത് വ്ളാകിയാരാധിച്ച് ഗണപതിയ്ക്കും നിവേദിച്ച് ഹോമത്തുങ്കൽ പീഠപൂജാദിനിവേദ്യത്തോളം ചെയ്തു ചാഞ്ചമത ഇട്ട് പ്രണവവ്യാഹൃതി ഹോമിച്ചാൽ, മൂലാഷ്ടോർദ്ധ്വശതാജ്യഹുത്യദിതസമ്പാതം = തന്റെതന്റെ മൂലം കൊണ്ടു നൂറ്റിയെട്ടുരു ആജ്യാഹുതി ചെയ്ത് വ്യാഹൃതി പ്രണവാദി ചെയ്തു പ്രസന്നപൂജയും വ്ളാകിയാരാധിക്കയും ചെയ്ത് സമ്പാതത്തിൽ ഉദ്വസിച്ച് ഹോമം മുടിച്ചു സമ്പാതത്തേ, ആത്മഭ്രുഖണ്ഡസ്ഥേഷു സമർപ്യ = ബ്രഹ്മകലശങ്ങളിൽ ദ്രവ്യന്യാസക്രമേണ സമർപ്പിച്ച്, ഹരൌ ഹിരണ്യവർണ്ണമനം = വിഷ്ണുവിങ്കൽ 'ഹിരണ്യവർണ്ണാം ഹരിണീം' ഇത്യാദി തൊട്ടു ജപിപ്പൂ. അന്യേഷു സ്വമൂലം = മറ്റുള്ള കലശങ്ങളിൽ അഷ്ടാക്ഷരത്തേയും തൊട്ടുജപിപ്പൂ. അന്യേഷു സർവത്ര സ്വകമൂലം ഏവ പരിജപ്യ = മറ്റുള്ള ദേവന്മാരിൽ എല്ലാ കലശങ്ങളിലും സമ്പാതം സമർപ്പിച്ച് മൂലംതന്നെ തൊട്ടുജപിപ്പൂ. നവൈഃ വസ്ത്രൈഃ ആച്ഛാദ്യ = പിന്നെ കോടിവസ്ത്രങ്ങളേക്കൊണ്ടു കലശങ്ങളേ ഒക്കെയും മൂടി, തത്സ്നപനതഃ പൂർവേ അഹ്നി ഘടാൻ രക്ഷേത് = ഇക്കലശങ്ങളേ ആടുന്ന ധ്യാനാധിവാസദിവത്തിന്റെ

www.shripuram.org
Shripuram Publications
www.shripuram.org

തലേദിവസം ഘടങ്ങളേ അധിവസിച്ച രക്ഷിപ്പൂ.

ഇതി തന്ത്രസമുച്ചയേ തൃതീയഃ
പടലോ മംഗലബീജരോപണാഢ്യഃ
ജലവാസനവാസ്തുയാഗബിംബാ-
പ്ലവകുംഭാർച്ചനചർച്ചിതഃ പ്രണീതഃ. 78

ഇതി തന്ത്രസമുച്ചയേ = ഇപ്രകാരം തന്ത്രസമുച്ചയമാകുന്ന ഗ്രന്ഥത്തു ങ്കൽ മംഗലബീജരോപണാഢ്യഃ = മുള ഇടുന്നതിന്റെ ക്രിയകളോടുകൂടീട്ട്, ജലവാസനവാസ്തുയാഗബിംബാപ്ലവകുംഭാർച്ചന ചർച്ചിതഃ = ജലാധിവാ സക്രിയകളേക്കൊണ്ടും പ്രാസാദശുദ്ധിതുടങ്ങി വാസ്തുബല്യവസാനമുള്ള ക്രിയകളേക്കൊണ്ടും ബിംബശുദ്ധികലശപൂജയുടെ പ്രകാരങ്ങളേക്കൊ ണ്ടും ശോഭിച്ചിരിക്കുന്ന, തൃതീയഃ പടലഃ = മൂന്നാമത്തേ പടലം, പ്രണീത = പറയപ്പെട്ടു.

ഇതി തന്ത്രസമുച്ചയഭാഷായാം
തൃതീയഃ പടലഃ സമാപ്തഃ

www.shripuram.org
Shripuram Publications
www.shripuram.org